# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/1462/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/1462/23 തീയ്യതി: 30/10/2023

# കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 09-01-2023 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2023 | 25-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-09-2023 | 25-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.പ്രസീത കുമാരി.എം, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ദിശ.ആർ.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ദേവാനന്ദ്.ടി.സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ജിഷ.പി,ഓഡിറ്റർ

ശ്രീമതി.അശ്വതി.ജെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മേഴ്സി പുളിക്കാട്ട് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബിബിൻ ജോസഫ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രഞ്ജിനി.ടി | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.അഷ്റഫ് കല്ലടയിൽ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രാജശ്രീ.പി | കൃഷി ഓഫീസർ | 01-04-2022 | 22-08-2022 |
| ശ്രീ.മുഹമ്മദ് ഫാസിൽ | കൃഷി ഓഫീസർ | 23-08-2022 | 31-03-2023 |
| ശ്രീമതി.റെജി മോൾ ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.ലിറ്റി മാത്യു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഉദയ കെ ജോയ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 10-06-2022 |
| ശ്രീമതി.ഫസിലി സിദ്ദീഖ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 11-06-2022 | 25-09-2022 |
| ശ്രീമതി.ഉദയ കെ ജോയ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 26-09-2022 | 30-10-2022 |
| ശ്രീമതി.ചഷ്മ ചന്ദ്രൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 31-10-2022 | 31-03-2023 |
| ശ്രീമതി.റുബീന.പി.വി | വി.ഇ.ഒ | 01-04-2022 | 04-05-2022 |
| ശ്രീമതി.റഫ്ന.ഇ.കെ | വി.ഇ.ഒ | 05-05-2022 | 31-03-2023 |
| ശ്രീ.ബാഷൽ.സി | വി.ഇ.ഒ | 01-04-2022 | 22-05-2022 |
| ശ്രീ.മുഹമ്മദ് സാഹിർ | വി.ഇ.ഒ | 23-05-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു.എസ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മെർലിൻ | ഫിഷറീസ് എക്സ്റ്റെൻഷൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| അലക്സ് | ഓഫീസർ | | |
| ഡോ.ഫെസിന ഹസ്സൻ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.സൂരജ് എസ്.എൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 20-06-2022 |
| ഡോ ലൂസി ടി.കെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 21-06-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | പ്രതിമാസ റീക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-3 |
| 5 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 1-1-4 |
| 6 | ബാങ്കിൽ നേരിട്ടുള്ള ക്രെഡിറ്റ് തുക രസീത് നൽകി കണക്കിൽ എടുത്തില്ല. | 1-1-5 |
| 7 | ഇ പേയ്മെന്റ് മുഖേന അടവാക്കുന്ന തുക അക്കൗണ്ടിൽ അതേ ദിവസം ക്രെഡിറ്റാവുന്നില്ല. | 1-1-6 |
| 8 | പഞ്ചായത്ത് Distress Relief Fund ൽ എ.സി.ആർ പ്രകാരമുള്ള തുകയും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല. | 1-1-8 |
| 10 | ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | വിവിധ ഗ്രാന്റുകളുടെ ചെലവ് പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 19 | ക്യാഷ് ബാലൻസ് | 1-7 |
| 20 | ടാക്സ് ഓഡിറ്റ് | 1-8 |
| 21 | ക്ഷേമപദ്ധതികൾ | 1-9 |
| 22 | കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം | 1-10 |
| 23 | അധികനിർമ്മാണം സഞ്ചയയിൽ ഉൾപ്പെടാത്തതിനാൽ നികുതി നഷ്ടം | 1-11 |
| 24 | കംഫർട്ട് സ്റ്റേഷൻ പിരിവ് അരിയർ തുക ലഭിക്കാൻ അവശേഷിക്കുന്നു. | 1-12 |

| | | |
|---|---|---|
| 25 | അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ ലഭിച്ചില്ല | 1-13 |
| 26 | പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ KSRTC ക്ക് സ്ഥലം സൗജന്യമായി നൽകി | 1-14 |
| 27 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം- കാര്യക്ഷമമല്ല | 1-15 |
| 28 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 1-16 |
| 29 | പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിക്കുന്നില്ല. | 1-17 |
| 30 | ടെണ്ടർ ഫീ ഇനത്തിലെ വരവ് പഞ്ചായത്തിലേയ്ക്ക് വരവ് വയ്ക്കുന്നില്ല | 1-18 |
| 31 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-19 |
| 32 | ഒരേ പ്രവൃത്തിയ്ക്ക് വ്യത്യസ്ത പ്രോജക്ടുകൾ | 1-20 |
| 33 | ടേക്ക് എ.ബ്രേക്ക് പ്രവർത്തനസജ്ജമല്ല | 1-21 |
| 34 | ജൽജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ - അപാകതകൾ | 1-22 |
| 35 | ആവശ്യമില്ലാത്ത പൊതു ടാപ്പുകൾ യഥാസമയം നിർത്തലാക്കിയില്ല – ഗ്രാമപഞ്ചായത്തിന് വലിയ തുക നഷ്ടപ്പെട്ടു | 1-23 |
| 36 | ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-24 |
| 37 | ഭവന പുനരുദ്ധാരണം - മൂല്യനിർണ്ണയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-25 |
| 38 | തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യൽ - ഗ്രാമപഞ്ചായത്തിന് വൻ തുക ചെലവ് | 1-26 |
| 39 | അടുക്കളമുറ്റത്തെ കോഴി വളർത്തൽ - അനുവദനീയമായതിനേക്കാൾ അധികം സബ്സിഡി അനുവദിച്ചു | 1-27 |
| 40 | ഡി.പി.സി ഹാൾ നവീകണത്തിന് തുക നൽകൽ - വിനിയോഗസാക്ഷ്യപത്രമില്ല | 1-28 |
| 41 | ജൽജീവൻ മിഷൻ പദ്ധതിക്കായി സ്ഥലം വാങ്ങൽ - ചട്ടപ്രകാരമുള്ള വ്യവസ്ഥ പാലിച്ചില്ല | 1-29 |
| 42 | ശുചിമുറികൾ ഉപയോഗയോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല | 1-30 |
| 43 | വാതകശ്മശാനം - പ്രവർത്തനാരംഭത്തിൽ തന്നെ റിപ്പയറിങ്ങിനായി ലക്ഷങ്ങൾ ചെലവ് | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അടുക്കളമുറ്റത്തെ കോഴി വളർത്തൽ - അനുവദനീയമായതിനേക്കാൾ അധികം സബ്സിഡി അനുവദിച്ചു | 3-1 |

| | | |
|---|---|---|
| 2 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 14.07.2023 ലെ 31 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 15.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) മുൻവർഷത്തെ താരതമ്യ തുകകളും രേഖപ്പെടുത്തിയിട്ടില്ല. മേൽ ഓഡിറ്റ് എൻക്വയറിക്ക്

ലഭ്യമാക്കിയ മറുപടിയിൽ അടിസ്ഥാന അനുപാതങ്ങളും (റേഷ്യോസ്) മുൻവർഷത്തെ താരതമ്യ തുകകളും ILGMS സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമല്ല എന്നാണ് മറുപടി നൽകിയത്. ആയത് ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. മേൽ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്യാഷ് ഫ്ലോ പത്രിക ILGMS സോഫ്റ്റ് വെയറിൽ ഓട്ടോമാറ്റിക്കലി വരുന്ന റിപ്പോർട്ടാണെന്നും ആയതിലെ വ്യത്യാസം ഐ.കെ.എം ന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണെന്നുമാണ് മറുപടി നൽകിയത്. അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-1-3 പ്രതിമാസ റീക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

വാർഷിക കണക്കിലെ ബി-17 Nationalised Bank Account Of Own Revenue Fund ൽ 407632/- രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ റീകൺസീലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ട് ഏതാണെന്ന് വ്യക്തമല്ലെന്നും സോഫ്റ്റ്‌വെയർ അപാകത മൂലമാണ് ഈ അക്കൗണ്ട് തെറ്റായി ഉൾപ്പെട്ടതെന്നുമാണ് അറിയിച്ചിട്ടുള്ളത്. അപാകത പരിഹരിച്ച് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-1-4 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

SBI E-payment 31.3.2023 ലെ റീക്കൺസീലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank ആയി ചേർത്ത 10358/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. മേൽ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇ-പേയ്മെന്റ് അക്കൗണ്ടിലേക്ക് ഐ.കെ.എം യഥാസമയം തുക ട്രാൻസ്ഫർ ചെയ്ത് തരാത്തതിനാലാണ് Directly Debited By Bank ആയി തുക ചേർക്കേണ്ടി വരുന്നതെന്നും പ്രസ്തുത അപാകത ഐ.കെ.എം ന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണെന്നുമാണ് മറുപടി നൽകിയത്. അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-1-5 ബാങ്കിൽ നേരിട്ടുള്ള ക്രെഡിറ്റ് തുക രസീത് നൽകി കണക്കിൽ എടുത്തില്ല.

എസ്.ബി.ഐ Own Fund അക്കൗണ്ടിൽ Directly Credited By Bank ആയി 23773 രൂപ രസീത് നൽകി കണക്കിലെടുത്തില്ല. മേൽ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പ്രസ്തുത തുക 11.4.22 ലെ ഫ്രണ്ട് ഓഫീസ് കലക്ഷൻ ആണെന്നും 12.4.22 ന് തന്നെ ഈ തുക ബാങ്കിൽ അടച്ച് കോൺട്രാ ചെയ്തിട്ടുണ്ടെന്നും(contra Voucher No.32200007 തിയ്യതി 20.4.22) എന്നാൽ Reconciliation Window യിൽ പ്രസ്തുത കോൺട്രാ വരാത്തതിനാൽ അഡ്ജസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല എന്നും ഈ പ്രശ്നം ഐ.കെ.എം ന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണെന്നും പറയുന്നു. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-1-6 ഇ പേയ്മെന്റ് മുഖേന അടവാക്കുന്ന തുക അക്കൗണ്ടിൽ അതേ ദിവസം ക്രെഡിറ്റാവുന്നില്ല.

SBI ഇ- പേയ്മെന്റ് അക്കൗണ്ടിന്റെ റീക്കൺസീലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared ആയി 8162 രൂപ ഉണ്ട്. ആയത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. മേൽ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇ-പേയ്മെന്റ് അക്കൗണ്ടിലേക്ക് ഐ.കെ.എം യഥാസമയം തുക ട്രാൻസ്ഫർ ചെയ്ത് തരാത്തതിനാലാണ് Cheque Deposited But Not Cleared ആയി തുക ചേർക്കേണ്ടി വരുന്നതെന്നും പ്രസ്തുത അപാകത ഐ.കെ.എം ന്റെ ശ്രദ്ധയിൽപെടുത്തുന്നതാണ് എന്നുമാണ് മറുപടി നൽകിയത്. അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-1-7 പഞ്ചായത്ത് Distress Relief Fund ൽ എ.സി.ആർ പ്രകാരമുള്ള തുകയും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്ത് Distress Relief Fund ന്റെ എ.സി.ആർ പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ യഥാക്രമം 693600/-,71600/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ളത് യഥാക്രമം 667860/-, 69046/- രൂപയുമാണ്.

1-1-8 സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.

വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 150300/- രൂപയാണ്. സ്റ്റോക്ക് രജിസ്റ്ററിൽ ബാലൻസ് സ്റ്റോക്ക് ഉണ്ടെങ്കിലും സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.

1-1-9 ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| | ബി 4 | ബി 17 | വ്യത്യാസം |
|---|---|---|---|
| ജലനിധി | 213670 | 537670 | 324000 |

1-1-10 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാ. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-11 വിവിധ ഗ്രാന്റുകളുടെ ചെലവ് പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നിവയുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് വാർഷിക കണക്കിലെ വരവ് ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-12 ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

LID EW അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കുമ്പോഴുള്ള ഇ-ടെണ്ടർ ഫീ തുക നാളിതുവരെ ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. കൂടാതെ പ്രസ്തുത തുക റിസീവബിൾസായി ഉൾപ്പെടുത്തിയിട്ടില്ല. ടെണ്ടർഫീ ലഭ്യമാക്കുന്നതിനുള്ള നടപടികളും, റിസീവബിൾസായി ഉൾപ്പെടുത്താത്തതിന് കാരണവും വ്യക്തമാക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 തിയ്യതിയിലെ 2/2 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2022-23 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4919143 |
| വരവ് | 639452551 |
| ആകെ | 644371694 |
| ചെലവ് | 637758000 |
| നീക്കിയിരിപ്പ് | 6613694 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 36204432 |
| വരവ് | 47906701 |
| ആകെ | 84111133 |
| ചെലവ് | 50026587 |
| നീക്കിയിരിപ്പ് | 34084546 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 26329085 | 26329085 | 24702046 | 1627039 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 3209349 | 3209349 | 3209349 | 0 |
| വികസന ഫണ്ട്- | 0 | 626251 | 626251 | 626251 | 0 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17147000 | 17147000 | 10021989 | 7125011 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | 0 | 8057000 | 8057000 | 7608709 | 448291 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Bank | 695185 | 4879179 (4594000+ 285179(interest) | 5574364 | 4319125 | 1255239 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Treasury | 0 | 17520 | 17520 | 0 | 17520 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് (Tied Grant) Bank | 4575027 | 6891000 | 11466027 | 5717998 | 5748029 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് (Tied Grant) Treasury | 0 | 3988562 | 3988562 | 2371258 | 1617304 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 226 | 142776550 | 174 | 81800879 | 52 | 57 |

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അവർ നടപ്പിലാക്കിയ പദ്ധതികളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|
| സെക്രട്ടറി | 32 | 23 | 72% |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 100% |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 9 | 6 | 67% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 10 | 7 | 70% |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 100% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 17 | 81% |
| കൃഷി ഓഫീസർ | 14 | 13 | 93% |

| | | | |
|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 100% |
| വെറ്ററിനറി സർജൻ | 4 | 4 | 100% |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 100% |
| ഹെഡ് മാസ്റ്റർ | 4 | 4 | 100% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 117 | 85 | 73% |
| ആകെ | 226 | 174 | 77% |

മത്സ്യ മേഖലയിൽ ജില്ലാ പഞ്ചായത്തിന് തുക കൈമാറുന്ന ഒരു പ്രോജക്ട് മാത്രമാണ് പഞ്ചായത്ത് ആവിഷ്കരിച്ചത്. മത്സ്യ മേഖലക്ക് ഒരു വർക്കിംഗ് ഗ്രൂപ്പ് പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. സ.ഉ.(കൈ)നം.115/2022/തസ്വഭവ തിയ്യതി 28.5.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4 (11) പ്രകാരം നടപ്പിലാക്കാൻ പറ്റുന്ന പദ്ധതികൾക്ക് അർഹതപ്പെട്ട ഗുണഭോക്താക്കൾ പഞ്ചായത്തിലുണ്ടെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതും പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

<u>വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ പദ്ധതികൾ നടപ്പാക്കി</u>

സ.ഉ.(കൈ)നം.84/2022/തസ്വഭവ. തിയ്യതി 19.4.2022 നമ്പർ പതിനാലാം പഞ്ചവത്സര പദ്ധതി മർഗ്ഗരേഖയിലെ ഖണ്ഡിക 6.3 ൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി താഴെ പറയുന്ന പദ്ധതികൾ വികസന ഫണ്ട് (ജനറൽ) വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ നടപ്പാക്കുകയുണ്ടായി. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 117/23 (ഞങ്ങളും കൃഷിയിലേക്ക്) | കൃഷി ഓഫീസർ | 1232090 | 1232090 |
| 2 | 118/23 (പശുഗ്രാമം വനിത) | വെറ്ററിനറി സർജൻ | 510000 | 510000 |
| 3 | 120/23(ഇടവിള കൃഷി പ്രോത്സാഹനം) | കൃഷി ഓഫീസർ | 510000 | 510000 |
| 4 | 122/23 (അടുക്കള മുറ്റത്തെ കോഴി വളർത്തൽ വനിത) | വെറ്ററിനറി സർജൻ | 767650 | 767650 |

മേൽ ഉത്തരവു പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3(16) അനുസരിച്ച് വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. അതായത് ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ

കുടുംബശ്രീയുടെ സഹായത്തോടെ നടപ്പാക്കൽ, സ്ത്രീകളുടെ തൊഴിൽ - വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ ആരംഭിക്കൽ, ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്കൂളുകളിലെ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെന്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ വനിതകൾക്ക് പ്രതിരോധ പരിശീലനം നൽകുന്നതിനും യോഗ പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ മുതലായവയാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നത്.

പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി വനിതാ ഘടകപദ്ധതിയിൽ തുക വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല.

## 1-6 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2022-23 വർഷത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. തെരുവ് വിളക്കുകളുടെ എണ്ണം, സ്ഥലം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിലെ ഡയറി ഫാം ഇൻസ്പെക്ടർ ഒഴികെ മറ്റു നിർവ്വഹണ ഉദ്യോഗസ്ഥരൊന്നും 12.4.2006 ലെ ജി.ഒ.പി.177/06/ഫിൻ. നമ്പർ ഉത്തരവു പ്രകാരമുള്ള സബ്സിഡിയറി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

## 1-7 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2023 ന് 11.15 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6855/- രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ നികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

വസ്തുനികുതി

തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വസ്തുനികുതി, സേവന ഉപനികുതി നിരക്കുകൾ 01/04/2023 തീയതി പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും 27.06.2023 ലെ ഭരണ സമിതി തീരുമാനം 14 പ്രകാരം വിജ്ഞാപനം അന്തിമമാക്കുകയും ചെയ്തു. എന്നിരുന്നാലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ വരാത്തതിനാൽ നിലവിൽ പുതിയ നിരക്കിലല്ല നികുതി ഈടാക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി വരവ് 76,00,000/- രൂപയും ഈയിനത്തിലെ യഥാർത്ഥ വരവ് 6858059/- രൂപയുമാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റിന്റെ കോടതിയിൽ കേസ് നിലനില്ക്കുന്നവ ഒഴികെയുള്ള മുഴുവൻ തുകയും പിരിവ് വന്നിട്ടുണ്ട്.
കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുൻനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ(സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിവരുന്നുണ്ടെങ്കിലും ആയത് എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി അതിനനുസൃതമായി വസ്തുനികുതി പരിഷ്കരിക്കേണ്ടതാണ്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്ന 9എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (5) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് കെട്ടിട ഉടമകൾക്ക് നൽകിയിട്ടില്ല. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്ക്, ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി പുനർ നിർണ്ണയിക്കേണ്ടതാണ്.

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല. പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റിലൂടെ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. തെറ്റായ നിരക്ക്, ഇളവുകൾ എന്നിവ നല്കി വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം ഉണ്ടായിട്ടുണ്ട്. ഖണ്ഡിക 1-10 കാണുക.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ളപക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിലേക്കായി സേവന ഉപനികുതി ഈടാക്കുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം തൻവർഷം തൊഴിൽ നികുതിയുടെ ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. എന്നാൽ ഡിമാന്റ് നൂറ് ശതമാനം കൈവരിക്കുന്നതിന് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ), സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽനികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

നികുതികളുടെ കാര്യത്തിൽ സ്ഥാപനത്തിൽ നിലനില്ക്കുന്ന പോരായ്മകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു. പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6684800 | 592 |
| വിധവാപെൻഷൻ | 11463400 | 1022 |
| വാർദ്ധക്യകാലപെൻഷൻ | 20832600 | 1776 |
| വികലാംഗപെൻഷൻ | 3401200 | 306 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 627200 | 61 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

1-10 കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടങ്ങളിലെ ചട്ടം '3 ൽ 5 ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4ാം ചട്ടം (1)-ാം ഉപ

ചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നും പറയുന്നു. ചട്ടം 4 ൽ 1 ൽ ഉപയോഗ ക്രമത്തിനനുസരിച്ച് അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിക്കേണ്ടത് വിശദമാക്കുന്നുണ്ട്. കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് കെട്ടിടത്തെ മുഴുവനായി കണക്കാക്കിയാണ് നികുതി നിരക്ക് കണക്കാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫയൽ നം.112/22-23

ജിനേഷ്. പി.ബി, പറമ്പനാട്ട്, വാർഡ് 5, 500/J - Z,

വിസ്തീർണ്ണം- 369.74m2, ദ്വിതീയ മേഖല (ഗ്രൂപ്പ്-F)

കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് J മുതൽ Z വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇപ്രകാരം നികുതി നിർണ്ണയിച്ചപ്പോൾ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച് നിരക്കിലാണ് (40രൂപ) നികുതി ഈടാക്കിയിരിക്കുന്നത്. ഒരേ ഉപയോഗക്രമത്തിന് ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിക്കാതെ നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

2.ഫയൽ നം.93/22-23

അബ്ദുൾ റഷീദ്, താളത്തിൽ കുഴിയിൽ ,വാർഡ് 6, 24/B,

വിസ്തീർണ്ണം- 116.60m2, ദ്വിതീയ മേഖല,(ഗ്രൂപ്പ്-F)

A)കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 116.60m2 ആണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച് നിരക്കിലാണ് (40 രൂപ) നികുതി ഈടാക്കിയിരിക്കുന്നത്. 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച നിരക്ക് 60 രൂപയാണ്.

B)വാണിജ്യാവശ്യത്തിനുള്ള ബഹുനില കെട്ടിടങ്ങളുടെ മുകൾനിലകൾക്ക് നൽകുന്ന ഇളവ് ( 10%) നൽകിയിട്ടുണ്ട്. എന്നാൽ പ്ലാൻ പ്രകാരം ഇത് ഒറ്റനില കെട്ടിടമാണ്.

വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ സ്ഥല പരിശോധന നടത്തി നികുതി സഞ്ചയ സോഫ്റ്റ്വെയറിൽ പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 അധികനിർമ്മാണം സഞ്ചയയിൽ ഉൾപ്പെടാത്തതിനാൽ നികുതി നഷ്ടം

ഫയൽ നമ്പർ 2300/27.4.22

മേൽ ഫയൽ പ്രകാരം നിലവിലുള്ള 5/68 നമ്പർ പാർപ്പിട കെട്ടിടത്തോട് കൂട്ടിച്ചേർത്ത് അധികം നിർമ്മിക്കുന്നതിനാണ് ശ്രീ.ആന്റണി പെരുമ്പള്ളിൽ, പുല്ലൂരാമ്പാറ എന്നവർ 27.4.22 ന് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അപേക്ഷയോടൊപ്പം സമർപ്പിച്ച അഡീഷൻ പ്ലാൻ പ്രകാരം നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ 116.58 ച.മീ, കൂട്ടിച്ചേർക്കാനുള്ള ഒന്നാം നില 98.63 ച.മീ എന്നിങ്ങനെ 215.21 ച.മീ ആണ് ആകെ വിസ്തീർണ്ണം. സഞ്ചയ പരിശോധിച്ചതിൽ നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം 72.8 ച.മീ മാത്രമാണ്. കൂട്ടിച്ചേർക്കാനുള്ള ഒന്നാം നില 98.63 ച.മീ നിർമ്മാണത്തിന് ഫീസ് ഈടാക്കി പെർമിറ്റ് അനുവദിച്ചതായി കാണുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മിച്ച 116.58-72.8=43.78 ച.മീ അധികനിർമ്മാണം ക്രമവൽക്കരണഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകുകയോ നിലവിൽ പൂർത്തീകരിച്ച നിർമ്മാണം സഞ്ചയയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് തുടർനടപടികളും, റഗുലറൈസേഷൻ ഫീസ് ഈടാക്കി നികുതി പുനർനിർണ്ണയിക്കാത്തതിന് കാരണവും അറിയിക്കേണ്ടതാണ്.

ഫയൽ നമ്പർ 3484/22

മേൽ ഫയൽ പ്രകാരം നിലവിലുള്ള 7/483 നമ്പർ പാർപ്പിട കെട്ടിടത്തോട് കൂട്ടിച്ചേർത്ത് അധികം നിർമ്മിക്കുന്നതിനാണ് ശ്രീമതി.ഖൈറുന്നീസ എന്നവർ 22.6.22 ന് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അപേക്ഷയോടൊപ്പം സമർപ്പിച്ച അഡീഷൻ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോർ 94.84ച.മീ, ഒന്നാം നില 7.48 ച.മീ ഉൾപ്പെടെ 102.32 ച.മീ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം. ഇതോടൊപ്പം കൂട്ടിച്ചേർക്കാനുള്ള ഒന്നാം നില 60.73 ച.മീ നിർമ്മാണത്തിന് ഫീസ് ഈടാക്കി പെർമിറ്റ് അനുവദിച്ചതായി കാണുന്നു. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ പ്ലാൻ പ്രകാരം നിലവിലുള്ള മുഴുവൻ നിർമ്മാണം ഉൾപ്പെട്ടിട്ടില്ല. സഞ്ചയയിൽ നിലവിൽ 72 ച.മീ വിസ്തീർണ്ണത്തിന് മാത്രമാണ് നികുതി കണക്കാക്കിയിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മിച്ച 102.32-72=30.32 ച.മീ അധിക നിർമ്മാണം ക്രമവൽക്കരണഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകുകയോ നിലവിൽ പൂർത്തീകരിച്ച നിർമ്മാണം സഞ്ചയയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് തുടർനടപടികളും, റഗുലറൈസേഷൻ ഫീസ് ഈടാക്കി നികുതി പുനർനിർണ്ണയിക്കാത്തതിന് കാരണവും അറിയിക്കേണ്ടതാണ്.

1-12 കംഫർട്ട് സ്റ്റേഷൻ പിരിവ് അരിയർ തുക ലഭിക്കാൻ അവശേഷിക്കുന്നു.

വാർഷിക കണക്ക് ബി15 431400112 ൽ കംഫർട്ട് സ്റ്റേഷൻ പിരിവ് അരിയർ ഇനത്തിൽ 31.3.23 ന് 112838/- രൂപ ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുക ഏതെല്ലാം വർഷങ്ങളിൽ ഈടാക്കേണ്ട തുകകളാണെന്നും ആയത് നിലവിൽ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരവും (വർഷം തിരിച്ച്) ലഭ്യമാക്കേണ്ടതാണ്. കംഫർട്ട് സ്റ്റേഷൻ പിരിവ് ലേലം സംബന്ധിച്ച് നിലവിലെ അവസ്ഥ വിശദമാക്കേണ്ടതാണ്.

1-13 അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ ലഭിച്ചില്ല

2021-22 ലെ ബാലൻസ് ഷീറ്റ് B 15 ൽ 43140999 ഹെഡിൽ Receivables From Government -Others എന്ന ഹെഡിൽ പിൻവലിച്ചിരുന്ന 15,00,000 രൂപ തിരികെ ലഭിക്കാനുണ്ട്. എന്നാൽ പ്രസ്തുത തുക 2022-23 ൽ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ഇത് സംബന്ധിച്ച ലെഡ്ജർ പരിശോധിച്ചതിൽ സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാൻ അവശേഷിച്ചതാണ് പ്രസ്തുത തുക. ഇത് 31.3.23 ന് ജേണൽ മുഖേന Write Off ചെയ്തതായി കാണുന്നു. മേൽ തുക ഏത് പദ്ധതിക്ക് വകയിരുത്തിയതാണെന്ന വിവരവും ചെലവഴിക്കാതിരുന്നതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. ഏത് പദ്ധതിക്കാണ് വകയിരുത്തിയതെന്ന് പരിശോധിച്ച് പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതാണ്.

1-14 പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ KSRTC ക്ക് സ്ഥലം സൗജന്യമായി നൽകി

തിരുവമ്പാടി അങ്ങാടിയിൽ ഒരു സ്ഥിരം ഓപ്പറേറ്റിംഗ് സെന്റർ ഏർപ്പെടുത്തി തരണമെന്ന് 2009-10 വർഷം KSRTC യുടെ കോഴിക്കോട് ട്രാൻസ്പോർട്ട് ഓഫീസർ പഞ്ചായത്ത് അധികാരികളോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിവുള്ള ഭാഗം അവർക്ക് അനുവദിക്കാൻ 16.9.2009 ലെ ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്തു. അതിനു ശേഷമാണ് 12.7.2010 ലെ ഭരണസമിതി യോഗത്തിൽ KSRTC ക്ക് ഡിപ്പോ ആരംഭിക്കുന്നതിന് 2 ഏക്കർ ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് കൈമാറുന്നതിന് തീരുമാനമായി.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 174 പട്ടിക 3, 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 3(1) എന്നിവ പരിഗണിക്കാതെ KSRTC ഡിപ്പോ ആരംഭിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സ്ഥലം വാങ്ങി KSRTC ക്ക് സൗജന്യമായി വിട്ടു കൊടുക്കാനുള്ള

തീരുമാനത്തിനെതിരെ 2013-14 വർഷത്തെ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-30 ആയി പരാമർശിക്കുകയും ചെലവഴിച്ച 42,87,520/- രൂപ ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് സ്ഥലം വാങ്ങാൻ സ്വന്തമായി തനതുഫണ്ട് ലഭ്യമല്ലാത്തതിനാൽ സമീപ ഗ്രാമപഞ്ചായത്തുകളായ പുതുപ്പാടി, കോടഞ്ചേരി, കൂടരഞ്ഞി, മുക്കം, കൊടിയത്തൂർ, ഓമശ്ശേരി എന്നിവരുടെ സഹകരണത്തോടെ വാങ്ങുന്നതിന് സർക്കാരിനോട് അപേക്ഷിക്കുകയും 8.8.2011 ലെ സ.ഉ.(സാധാ)നം. 1873/2011/തസ്വഭവ നമ്പർ ഉത്തരവിലൂടെ മറ്റു ഗ്രാമപഞ്ചായത്തുകളുടെ തീരുമാനങ്ങൾക്കു വിധേയമായി സംഭാവനകൾ സ്വീകരിച്ച് സ്ഥലം വാങ്ങുന്നതിന് സർക്കാർ അനുമതി നൽകുകയും ചെയ്തു. എന്നാൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തും മുക്കം ഗ്രാമ പഞ്ചായത്തും മാത്രമാണ് യഥാക്രമം 5 ലക്ഷം രൂപയും 2 ലക്ഷം രൂപയും സംഭാവനയായി നൽകിയത്. ബാക്കി തുക മുഴുവനും തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും ചെലവഴിച്ച് 1.75 ഏക്കർ ഭൂമി സ്വകാര്യ വ്യക്തിയിൽ നിന്നും വാങ്ങി 2013 മെയ് മാസം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി. എന്നാൽ വാങ്ങിയ സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതിനാലും ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നതിനാലും സ്ഥലം KSRTC ക്ക് പഞ്ചായത്ത് കൈമാറിയിട്ടില്ലായിരുന്നു. പിന്നീട് 2019 വർഷമാണ് ഭൂമി തരം മാറ്റി കിട്ടിയത്.

20.8.2021 ന് കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച് ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നടന്ന ചർച്ചയിൽ KSRTC ക്കു വേണ്ടി വാങ്ങിയ ഭൂമി പഞ്ചായത്ത് രാജ് നിയമങ്ങളുടെയും ചട്ടങ്ങളുടെയും കീഴിൽ വരാത്ത സ്ഥാപനത്തിന് കൈമാറാൻ സാധിക്കുകയില്ല എന്നത് സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നിവിലുള്ള കാര്യം പഞ്ചായത്ത് സെക്രട്ടറി ശ്രദ്ധയിൽ പെടുത്തിയെങ്കിലും ലോക്കൽഫണ്ട് ഓഡിറ്റ് ഒബ്ജക്ഷൻ അല്ലാതെ മറ്റു നിയമ പ്രശ്നങ്ങൾ നിലവിലില്ലാത്ത സാഹചര്യത്തിൽ വസ്തു കൈമാറ്റം നടത്താമെന്ന് മന്ത്രി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വസ്തു രജിസ്ട്രേഷൻ ചെലവ് KSRTC വഹിക്കണമെന്ന വ്യവസ്ഥയിൽ സ്ഥലം KSRTC ക്ക് കൈമാറാൻ യോഗം തീരുമാനിച്ചു. ഗ്രാമപഞ്ചായത്ത് അടിയന്തിരമായി ഭരണസമിതി യോഗം ചേർന്ന് DDP യിൽ നിന്നും ക്ലാരിഫിക്കേഷൻ വാങ്ങി 5.9.2021 ന മുമ്പായി വസ്തു KSRTC ക്ക് രജിസ്റ്റർ ചെയ്തു നൽകാൻ കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ നിർദ്ദേശിച്ചു.

അതനുസരിച്ച് 27.8.2021 ന ചേർന്ന ഭരണസമിതി മേൽ യോഗ തീരുമാനത്തിലെ നിർദ്ദേശങ്ങൾ ഐക്യകണ്ഠേന അംഗീകരിക്കുകയും 20.9.21 ന് സ്ഥലം KSRTC ക്ക് രജിസ്റ്റർ ചെയ്തു നൽകുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. ഓഡിറ്റ് ഒബ്ജക്ഷൻ ഒരു നിയമപ്രശ്നമല്ല എന്നതും പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളുമാണ് ലംഘിക്കപ്പെട്ടത് എന്ന വസ്തുതയും അക്കാര്യമാണ് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചത് എന്നും യോഗത്തിൽ വിശദീകരിച്ചു കൊടുക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചു.
2. KSRTC ക്ക് സൗജന്യമായി സ്ഥലം കൈമാറുന്നതിന് പഞ്ചായത്ത് ഭരണ സമിതി 27.8.2021 ന ഐക്യകണ്ഠേന തീരുമാനമെടുത്തപ്പോൾ പഞ്ചായത്ത് രാജ് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരായിട്ടുള്ള നടപടിക്കെതിരെ പഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയില്ല.
3. കളക്ടറേറ്റിൽ നടന്ന യോഗനിർദ്ദേശത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ക്ലാരിഫിക്കേഷൻ വാങ്ങി രജിസ്ട്രേഷൻ നടത്താനാണ് നിർദ്ദേശിച്ചത്. എന്നാൽ അത്തരത്തിൽ ക്ലാരിഫിക്കേഷൻ വാങ്ങിയതായി ഫയലിൽ രേഖകളില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 23.9.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പരിശോധിക്കാതെയും പരിഗണിക്കാതെയും പഞ്ചായത്തിന്റെ അധികാര പരിധിയിലോ ചുമതലയിലോ പെടാത്ത സ്ഥാപനത്തിന് ഭൂമി സൗജന്യമായി വിട്ടു നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-15 വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം- കാര്യക്ഷമമല്ല

സ.ഉ.(കൈ) നം. 84/2022/തസ്വഭവ തിയ്യതി 19.4.2022 നമ്പർ വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 3.1.2 (എ) (4) അനുസരിച്ച് തീരദേശ മേഖലകളിലും ഫിഷറീസ് ഉദ്യോഗസ്ഥൻ നിലവിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിലും മത്സ്യമേഖലാ വികസനത്തിന് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പുകൾ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിലവിലുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടില്ല.

പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും അപഗ്രഥിക്കുകയും ചെയ്യേണ്ടത് അതാത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും ജില്ലാ ആസൂത്രണ സമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് അവസ്ഥാ രേഖയെ അടിസ്ഥാനമാക്കി പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റു വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, ഗ്രാമസഭാ യോഗങ്ങളിൽ ചർച്ചക്ക് നൽകേണ്ട പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളെ സഹായിക്കുക എന്നിവയും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പരിശോധിച്ചതിൽ നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ച് വിശദമായ രീതിയിൽ ചർച്ചകളോ ഇടപെടലുകളോ നടത്തുന്നതുമായി ബന്ധപ്പെട്ട് യാതൊരു രേഖപ്പെടുത്തലുകളും ഇല്ല. ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രത്യേക ചുമതലകളിൽ പെടുന്നതാണ് നിലവിലുള്ള ദുരന്തനിവാരണ പ്ലാൻ അവലോകനം ചെയ്ത് അവസ്ഥാ വിശകലനം കൂടി നടത്തിയ ശേഷം അവ കാലാനുസൃതമാക്കുക എന്നത്. എന്നാൽ യോഗങ്ങളിലൊന്നും വിശദമായ ചർച്ചകൾ വർക്കിംഗ് ഗ്രൂപ്പ് നടത്തിയിട്ടില്ല. കൂടാതെ കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഹരിതഗൃഹവാതകങ്ങൾ പരമാവധി കുറക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടില്ല. പദ്ധതി രൂപീകരണ പ്രക്രിയകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കേണ്ടതാണ്. ഇതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പ്, പട്ടികവർഗ്ഗ വികസനം, പട്ടികജാതി വികസനം, ദാരിദ്ര്യ ലഘൂകരണം, കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് ബന്ധപ്പെട്ട കൺവീനർമാരും വർക്കിംഘ് ഗ്രൂപ്പ് അധ്യക്ഷന്മാരും യോഗാവസാനം ഒപ്പു വെച്ച് ക്ലോസ് ചെയ്യുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മിനുട്ട്സ് ശരിയായ രീതിയിൽ പരിപാലിക്കാനും ഭരണസമിതി പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ടതാണ്.

1-16 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തിയിൽ ചില പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതായും കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായും ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട് . ഇതു സംബന്ധിച്ച് ഖണ്ഡിക 3-2 ൽ വിശദമായി പരാമർച്ചിരിക്കുന്നത് കാണുക.

## 1-17 പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിക്കുന്നില്ല.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പല പ്രോജക്ടുകളും എഗ്രിമെന്റ് വച്ചതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി കാണുന്നു .ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നമ്പർ . 75/22-23 (SO)

പ്രൊജക്റ്റ് : പൊയിലിൽ റോഡ്

അടങ്കൽ തുക : 300000

ചെലവ് തുക- 267729

എം.ബുക്ക് : 277/21-22

പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയ പരിധി: 6മാസം

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി ആരംഭിക്കാത്ത കേസുകളിൽ ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. മേൽ പൊതുമരാമത്ത് പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ പ്രവൃത്തി നീട്ടിക്കൊണ്ടു പോയതായി കാണുന്നു. പ്രസ്തുത അവസരത്തിൽ കരാറുകാരനെതിരെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുശാസിക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ വിശദാംശം ചുവടെ:

| | പ്രവൃത്തി സംബന്ധിച്ച നടപടികൾ | തിയ്യതി |
|---|---|---|
| 1 | ടെണ്ടർ | 15.2.22 |
| 2 | ഭരണസമിതി ടെണ്ടർ അംഗീകരിച്ചത് | 16.2.22 |
| 3 | സെലക്ഷൻ നോട്ടീസ് | 18.2.22 |
| 4 | എഗ്രിമെന്റ് വെച്ചത് | 28.2.22 |
| 5 | സൈറ്റ് കൈമാറിയത് | 28.2.22 |
| 6 | പ്രവൃത്തി ആരംഭിച്ചത് | 12.9.22എം.ബുക്ക് 277/ 21-22 പേജ് നമ്പർ 1) |

കരാർ വ്യവസ്ഥകൾ പ്രകാരം കരാറുടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടക്കുന്നതിനായി സ്ഥലം ഏറ്റുവാങ്ങുകയും സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ കരാർ പ്രകാരവും, മാന്വൽ പ്രകാരവും ഉള്ള നടപടികൾ

സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു .

അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. കരാർ പ്രകാരം പദ്ധതികൾ ആരംഭിക്കാത്തതുമൂലം ഓഡിറ്റ് വർഷം പ്രവൃത്തിയ്ക്കായി വകയിരുത്തിയ ഫണ്ട് നഷ്ടപ്പെടുകയും പ്രവൃത്തി തുടർ വർഷങ്ങളിലേയ്ക്ക് സ്പിൽ ഓവറാകുന്നതിനും തുടർ വർഷങ്ങളിലെ പദ്ധതികളുടെ ആസൂത്രണ/നിർവ്വഹണത്തെ ബാധിക്കുന്നതിനും ഇടയാക്കുന്നു. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

1-18 ടെണ്ടർ ഫീ ഇനത്തിലെ വരവ് പഞ്ചായത്തിലേയ്ക്ക് വരവ് വയ്ക്കുന്നില്ല

തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുമ്പോൾ ആയതുമായി ബന്ധപ്പെട്ട ടെണ്ടർ ഫീ നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് വരവ് വയ്ക്കപ്പെടുന്നത്. ഇപ്രകാരം വരവ് വയ്ക്കപ്പെടുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതും ആയത് ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കേണ്ടതുമാണ്. 2022-23 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പൊതുമരാമത്ത് പ്രവൃത്തികളുടെ, ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക, ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ, ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയത് സംബന്ധിച്ച വിവരങ്ങൾ, തൻവർഷത്തേയോ മുൻവർഷങ്ങളിലേയോ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറാൻ ശേഷിക്കുന്നുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-19 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

1. പദ്ധതികളുടെ ബാഹുല്യം .ചെലവ് ശതമാനം കുറയുന്നു

22-23 ൽ ആകെ 117 പദ്ധതികളാണ് നടപ്പിലാക്കാനായി അംഗീകാരം ലഭിച്ചത്. ഇതിൽ ഭൂരിഭാഗം പ്രവൃത്തികളും ചെറിയ അടങ്കലിൽ തയ്യാറാക്കിയതാണ്. 117 പദ്ധതികളിൽ നടപ്പിലാക്കിയത് 85 പദ്ധതികളാണ്. 70637845 രൂപ ആകെ ഫണ്ട് വകയിരുത്തിയതിൽ 35360823 രൂപയാണ് ചെലവ് വന്നിട്ടുള്ളത് അതുകൊണ്ട് തന്നെ ചെലവ് ശതമാനം 50% മാത്രമാണെന്ന് കാണുന്നു. പദ്ധതികൾ സമഗ്രമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ പഞ്ചായത്തിനു വീഴ്ചയുണ്ടായതായി കാണുന്നു

2.എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ പല പ്രവൃത്തികളും പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. ഈ പദ്ധതികളിലെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രോജക്ട് തയ്യാറാക്കുകയും, നിർവ്വഹണ സമയം എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തി പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു. ഇതിൽ നിന്നും യഥാർത്ഥ ആവശ്യങ്ങൾ പരിഗണിച്ചോ യഥാർത്ഥ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലോ അല്ല എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതും പദ്ധതികൾ നടപ്പിലാക്കുന്നതും എന്നത് വ്യക്തമാണ്. 21.6.18 ലെ ഇ20/6699/2018.സി.ഇ/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്നും മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തി പ്രവൃത്തി നിർവ്വഹണം നടത്താൻ പാടില്ല എന്നും നിർദ്ദേശിക്കുന്നുണ്ട്. ആവശ്യകതയ്ക്കനുസരിച്ച് മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതും, കൃത്യതയോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്. പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണ ഘട്ടത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തുന്ന രീതി തുടരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. തുടർവർഷങ്ങളിൽ പദ്ധതികൾ സമഗ്രമായി അസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

1-20 ഒരേ പ്രവൃത്തിയ്ക്ക് വ്യത്യസ്ത പ്രോജക്ടുകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തി പരിശോധിച്ചതിൽ ഒരേ പ്രവർത്തിയ്ക്ക് വ്യത്യസ്ത പ്രോജക്ടുകൾ രൂപീകരിച്ചതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് പേര്/നമ്പർ | അടങ്കൽ/ ഫണ്ടിനം | സാങ്കേതികാനുമതി/ തിയ്യതി | പ്രവൃത്തി വിശദാംശം |
|---|---|---|---|
| പാതിരാമണ്ണ് പുഴസംരക്ഷണ ഭിത്തി നിർമ്മാണം / 79/22-23 | 407900 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 108895/ 21-2022/ 11.3.22 | എസ്റ്റിമേറ്റ് പ്രകാരം എർത്ത് വർക്ക്, ഡി.ആർ. മേസന്റി, ടോപ്പ് ബെൽറ്റ്,എർത്ത് ഫില്ലിംഗ് എന്നിവ യാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയത് |

| | | | |
|---|---|---|---|
| പാതിരാമണ്ണ് പുഴസംരക്ഷണ ഭിത്തി നിർമ്മാണം. തുടർ പ്രവൃത്തി / 87/22-23 | 984200/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 108366/ 21-22/11.3.22 | എസ്റ്റിമേറ്റ് പ്രകാരം എർത്ത് വർക്ക്, ഡി.ആർ.മേസന്ററി, ടോപ്പ് ബെൽറ്റ്, എർത്ത് ഫില്ലിംഗ് എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയത് |

ഫയൽ പരിശോധിച്ചതിൽ രണ്ടു പ്രവൃത്തികളുടെയും ഭരണാനുമതി ലഭിച്ചിരിക്കുന്നത് 2(2/21) 6.12.21 ലാണെന്ന് വ്യക്തമാകുന്നു. പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ വ്യത്യസ്ത നിരക്കിലാണ് പ്രവൃത്തി ഏറ്റെടുത്തത്. പദ്ധതിയുടെ ഡാറ്റാ എൻട്രി മുതൽ ബിൽ നൽകൽ വരെയുള്ള പ്രവർത്തനങ്ങളിൽ ഇരട്ടിപ്പ് വന്നതിനു പുറമേ, വ്യത്യസ്ത നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുന്ന അവസ്ഥയും ഇതുമൂലമുണ്ടായി. ചെറിയ അടങ്കലിലുള്ള പ്രവൃത്തികൾക്കായി സാധന സാമഗ്രികളും, മെഷീനറികളുൾപ്പെടെ സൈറ്റിൽ എത്തിക്കുന്നത് കരാറുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഘടകമായതിനാൽ, ടെണ്ടർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം കുറയാൻ സാധ്യതയുണ്ട്. പ്രവൃത്തി സമഗ്രമായി വലിയ അടങ്കലിൽ തയ്യാറാക്കിയിരുന്നെങ്കിൽ ഇത്തരം സാധ്യതകൾ ഒഴിവാക്കാമായിരുന്നു. കൂടാതെ രണ്ടു പദ്ധതികളും ഏറ്റെടുത്ത കരാറുകാർ 30.3.22 എഗ്രിമെന്റ് വച്ചതാണെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതിനും സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിലും വീഴ്ച വരുത്തിയതായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതികൾ സമഗ്രമായി തയ്യാറാക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-21 ടേക്ക് എ.ബ്രേക്ക് പ്രവർത്തനസജ്ജമല്ല

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

മേൽ പദ്ധതിയുടെ ഭാഗമായി തിരുവമ്പാടി ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തികവർഷത്തിൽ ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി പ്രോജക്ട് രൂപീകരിക്കുകയും ടി പദ്ധതി 22-23 ൽ സ്പിൽ ഓവറായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 22-23 സാമ്പത്തികവർഷത്തിൽ നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനായി പുതിയ പദ്ധതി വച്ചെങ്കിലും തൻ വർഷത്തിൽ പദ്ധതിയ്ക്ക് ചെലവില്ല. രൂപീകരിച്ച പദ്ധതികളുടെയും, അവയ്ക്കായി ചെലവഴിച്ച തുകയുടേയും വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് പേര്/നം. | അടങ്കൽ/ ഫണ്ടിനം | ചെലവ്/ബിൽ നം., തിയ്യതി | പ്രവൃത്തി വിശദാംശം |
|---|---|---|---|
| ടേക്ക് എ ബ്രേക്ക്, 56/22-23 2020-21 ൽ നിന്നുള്ള സ്പിൽ ഓവർ) | 2500000 ശുചിത്വമിഷൻ | 2477048 ചെക്ക് നം. 861852/14.10.22 | കെട്ടിട നിർമ്മാണം, സ്ട്രക്ചറൽ വർക്ക് |
| ടേക്ക് എ ബ്രേക്ക്. കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം. 255/22-23 | 2120719 ധനകാര്യകമ്മീഷൻ അവാർഡ് | | 22-23 വർഷം തുക ചെലവഴി ച്ചിട്ടില്ല. |
| ആകെ ചെലവ് | | 2477048 | |

23.9.23 ന് ടേക്ക് എ ബ്രേക്ക് സന്ദർശിച്ചതിൽ തിരുവമ്പാടി ബസ്സ്റ്റാന്റിന് പുറകിലായി നിർമ്മിച്ച കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് പൂർത്തിയാക്കിയിട്ടുണ്ടെന്ന് കണ്ടു. കെട്ടിടത്തിന്റെ അനുബന്ധ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

കെട്ടിടം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന തരത്തിൽ നിർമ്മാണം പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്

## 1-22 ജൽജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | 207/22-23, ജൽജീവൻ മിഷൻ – ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | 3,75,000/- [വികസന ഫണ്ട് (പൊതു വിഭാഗം)- 2,25,000/- തനത് ഫണ്ട് - 1,50,000] |
| ചെലവ് | 3,06,276/- [ബിൽ നം. 207/22-23 തീയതി 14.02.23- 2,25,000 ബിൽ നം. 208/22-23 തീയതി 14.02.23- 81,276 ] |
| നിർവ്വഹണം | സെക്രട്ടറി |

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ വിവിധ പൊതുടാപ്പുകൾക്ക് സമീപം താമസിക്കുന്നതും പ്രസ്തുത പൊതുടാപ്പുകളിൽ നിന്ന് കുടിവെള്ളം ശേഖരിച്ചിരുന്നതുമായ 72 കുടുംബങ്ങൾക്ക് ജൽജീവൻ മിഷൻ

പദ്ധതിയുടെ സൗജന്യ നിരക്കിൽ പ്രത്യേക കണക്ഷൻ ലഭ്യമാക്കുന്നതിനായി 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് ആവിഷ്കരിച്ചിരുന്നു (പ്രൊജക്ട് നം. 139/21-22, ജൽജീവൻ മിഷൻ-ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ). പദ്ധതിയുടെ ഭാഗമായ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്ത് ശേഖരിക്കണമെന്ന് ജല അതോറിറ്റി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു (ജല അതോറിറ്റി കൊടുവള്ളി ആർ.ഡബ്ല്യു.എസ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 05.05.2021 തീയതിയിലെ KWA/RWS/KDY/TDY/JJM/2021 നമ്പർ കത്ത്). തുടർന്ന് അവർ പ്രവൃത്തി നടത്തിപ്പിനായി 15,00,000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും (07.06.2021 തീയതിയിലെ KWA/RWS/KDY/TDY/JJM/2021 നമ്പർ കത്ത്, എസ്റ്റിമേറ്റ് നം. 2021/7409), ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ച് 2,25,000/- രൂപ (എസ്റ്റിമേറ്റിന്റെ 15%) ഗ്രാമപഞ്ചായത്ത് വിഹിതമായും 1,50,000/- രൂപ (എസ്റ്റിമേറ്റിന്റെ 10%; 72 X 2083.30) ഗുണഭോക്തൃ വിഹിതമായും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട് (19.07.2021ലെ 8/8(2) നമ്പർ തീരുമാനം).

പ്രവൃത്തി പൂർത്തിയായതിനെ തുടർന്ന് ജല അതോറിറ്റിയിൽ നിന്ന് 08.12.2022 ലെ EE/PHD /KKD/D4/ JJM-PT/7409/2021 നമ്പർ കത്ത് പ്രകാരം ലഭിച്ച പൂർത്തീകരണ സാക്ഷ്യപത്രം 12.12.2022 ലെ 1(4) തീരുമാനപ്രകാരം ഭരണസമിതി അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷത്തെ 207/22-23 നമ്പർ പ്രൊജക്ട് പ്രകാരം ജല അതോറിറ്റിക്ക് 3,06,276/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കേരള ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല

2) പ്രൊജക്ട് പ്രകാരം 72 ഗുണഭോക്താക്കളിൽ നിന്നായി ആകെ 1,50,000/- രൂപ ഗുണഭോക്തൃവിഹിതം പിരിക്കേണ്ടതായിരുന്നു. എന്നാൽ 39 ഗുണഭോക്താക്കളിൽ നിന്നായി 81276/- (39 X 2084) രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 33 ഗുണഭോക്താക്കളിൽ നിന്ന് വിഹിതം പിരിച്ചെടുക്കുന്നതിനുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

3) ഗുണഭോക്തൃവിഹിതം അടവാക്കാത്ത 33 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതം (33 X 3125 = 1,03,125) അടക്കമുള്ള തുകയാണ് 14.02.23 തീയതിലെ 207/22-23 നം. ബിൽ പ്രകാരം പഞ്ചായത്ത് വിഹിതമായി ഗ്രാമപഞ്ചായത്ത് ജല അതോറിറ്റിക്ക് നൽകിയിട്ടുള്ളത്.

4) ജല അതോറിറ്റി ലഭ്യമാക്കിയ പൂർത്തീകരണ സാക്ഷ്യപത്രത്തിൽ ആകെ പ്രവൃത്തി മൂല്യം 13,25,912.39/- രൂപ എന്നാണ് കാണിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത തുകയ്ക്ക് ആനുപാതികമായി ഗ്രാമപഞ്ചായത്ത് വിഹിതത്തിലും ഗുണഭോക്തൃ വിഹിതത്തിലും കുറവ് വരുത്താതെ എസ്റ്റിമേറ്റ് തുകയായ 15,00,000/- രൂപയുടെ അടിസ്ഥാനത്തിൽ വിഹിതം കണക്കാക്കിയാണ് ജല അതോറിറ്റിക്ക് തുക നൽകിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/2021-22 തീയതി 25.09.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരമുള്ള പ്രവൃത്തിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത്/ഗുണഭോക്തൃവിഹിതങ്ങൾ പുനർനിർണ്ണയം ചെയ്ത് അധികം അടവാക്കിയ പഞ്ചായത്ത് വിഹിതം തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം അടിയന്തിരമായി പിരിച്ചെടുത്ത് ജല അതാറിറ്റിക്ക് നൽകി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 14.02.23 തീയതിലെ 207/22-23 നം. ബിൽ പ്രകാരം ജല അതോറിറ്റിക്ക് നൽകിയ 2,25,000/- രൂപയിൽ ഗുണഭോക്തൃവിഹിതം അടവാക്കാത്ത 33 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതമായി നൽകിയ 1,03,125/- രൂപ (33 X 3125) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

1-23 ആവശ്യമില്ലാത്ത പൊതു ടാപ്പുകൾ യഥാസമയം നിർത്തലാക്കിയില്ല –

ഗ്രാമപഞ്ചായത്തിന് വലിയ തുക നഷ്ടപ്പെട്ടു

2022-23 സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്ത് കേരള ജല അതോറിറ്റിയിൽ 4,85,736/- രൂപ അടവാക്കിയിട്ടുണ്ട്. 30.09.2019, 01.10.2019 തീയതികളിൽ നടത്തിയ സംയുക്തപരിശോധന പ്രകാരം അക്കാലയളവിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തിയ 67 പൊതു കുടിവെള്ള ടാപ്പുകൾക്കുള്ള വെള്ളക്കരമാണ് ഗ്രാമപഞ്ചായത്ത് അടവാക്കി വന്നിരുന്നത്.

പൊതുകുടിവെള്ള ടാപ്പുകളിൽ നിന്ന് 30 മീറ്റർ വരെ അകലത്തിൽ താമസിക്കുന്ന 72 കുടുംബങ്ങൾക്ക് ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു (ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-22 കാണുക). ജല അതോറിറ്റി 08.12.2022 ലെ EE/PHD/KKD/D4/ JJM-PT/7409/2021 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം പ്രസ്തുത പ്രവൃത്തി 12.11.2021 ന് പൂർത്തിയായിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയ സാഹചര്യത്തിൽ ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനും അതുവഴി വെള്ളക്കരം ഇനത്തിൽ കുറവ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു (04.05.2022 ലെ യോഗത്തിലെ 4-ാം നമ്പർ തീരുമാനം). എന്നാൽ സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സെക്രട്ടറി ജല അതോറിറ്റിക്ക് കത്ത് നൽകിയത് പത്ത് മാസങ്ങൾക്ക് ശേഷമാണ് (07.03.2023ലെ 400980/GARCO8/General/ 2023/1777(1) നമ്പർ കത്ത്). സംയുക്ത പരിശോധന നടത്തിയത് എന്നാണ് എന്ന് വ്യക്തമല്ല. തുടർന്ന് വെള്ളക്കരം അടവാക്കി വരുന്ന 67 ടാപ്പുകളിൽ 3 എണ്ണം മാത്രം നിലനിർത്തി ബാക്കി 64 ടാപ്പുകളും ഒഴിവാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറി ജല അതോറിറ്റിക്ക് കത്ത് നൽകുകയും (25.05.2023 ലെ 400980/ GARCO8/General/ 2023/1777(2) നമ്പർ കത്ത്), ഗ്രാമപഞ്ചായത്ത് ഒഴിവാക്കാൻ ആവശ്യപ്പെട്ട 64 ടാപ്പുകളിൽ പൊതുജനങ്ങളുടെ എതിർപ്പ് മൂലം ഒഴിവാക്കാൻ കഴിയാതിരുന്ന 4 എണ്ണം ഒഴിച്ച് ബാക്കിയുള്ള 60 ടാപ്പുകളും ഒഴിവാക്കിയതായി ജല അതോറിറ്റി ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും ചെയ്തു (കേരള ജല അതോറിറ്റി റൂറൽ വാട്ടർ സപ്ലൈ ഡിവിഷൻ, അസിസ്റ്റന്റ് എഞ്ചിനീയറുടെ 06.07.2023 ലെ KWA/RWS/ KDY/GL/AE/2021(iii) നമ്പർ കത്ത് ). അതു പ്രകാരം 2023 സെപ്തംബർ മാസത്തിൽ 7 ടാപ്പുകൾക്കുള്ള വെള്ളക്കരം മാത്രമാണ് ജല അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളത്.

ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കാത്തതു മൂലം ഗ്രാമപഞ്ചായത്തിന് വെള്ളക്കരം ഇനത്തിൽ വലിയ തുക കൂടുതലായി അടവാക്കേണ്ടി വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| 2022-23 സാമ്പത്തിക വർഷം യഥാർത്ഥത്തിൽ അടവാക്കിയ വെള്ളക്കരം | | ആവശ്യമില്ലാത്ത പൊതുടാപ്പുകൾ യഥാസമയം ഒഴിവാക്കിയിരുന്നെങ്കിൽ 2022-23 സാമ്പത്തിക വർഷം അടവാക്കേണ്ടിയിരുന്ന വെള്ളക്കരം | |
|---|---|---|---|
| 2022 മാർച്ച് മുതൽ 2022 ഡിസംബർ വരെയുള്ള മാസങ്ങളിലെ വെള്ളക്കരം - ടാപ്പൊന്നിന് | 3,23,160 | 2022 മാർച്ച് മുതൽ 2022 ഡിസംബർ വരെയുള്ള മാസങ്ങളിലെ വെള്ളക്കരം - ടാപ്പൊന്നിന് | 33760 |

| | | | |
|---|---|---|---|
| പ്രതിവർഷം 5,788.13/- രൂപ നിരക്കിൽ 67 ടാപ്പുകൾക്ക് (32,316 X 10) | | പ്രതിവർഷം 5,788.13/- രൂപ നിരക്കിൽ 7 ടാപ്പുകൾക്ക് (3,376X 10) | |
| 2023 ജനവരി മുതൽ 2023 ഫെബ്രുവരി വരെയുള്ള മാസങ്ങളിലെ വെള്ളക്കരം - ടാപ്പൊന്നിന് പ്രതിവർഷം 14,559.12/- രൂപ നിരക്കിൽ 67 ടാപ്പുകൾക്ക് (81,288 X 2) | 1,62,576 | 2023 ജനവരി മുതൽ 2023 ഫെബ്രുവരി വരെയുള്ള മാസങ്ങളിലെ വെള്ളക്കരം - ടാപ്പൊന്നിന് പ്രതിവർഷം 14,559.12/- രൂപ നിരക്കിൽ 7 ടാപ്പുകൾക്ക് ( 8,493 X 2) | 16986 |
| ആകെ | 4,85,736 | ആകെ | 50746 |
| ആവശ്യമില്ലാത്ത പൊതുടാപ്പുകൾ യഥാസമയം ഒഴിവാക്കാത്തത് മൂലം വെള്ളക്കരം ഇനത്തിൽ 2022-23 സാമ്പത്തിക വർഷം അധികം അടവാക്കേണ്ടി വന്ന തുക | | | 4,34,990/- |

2022-23 സാമ്പത്തിക വർഷത്തെ മാത്രം നഷ്ടമാണ് മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള 2021 നവമ്പർ മാസം മുതലുള്ള തുകയും, 2023-24 സാമ്പത്തിക വർഷത്തിൽ അടവാക്കിയ തുകയും കൂടി കണക്കാക്കിയാൽ ഗ്രാമപഞ്ചായത്തിന് വെള്ളക്കരം ഇനത്തിൽ വൻതുക നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് കാണാം. ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കാത്തതു മൂലം വെള്ളക്കരം അധികമായി അടവാക്കേണ്ടി വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2021-22 തീയതി 25.09.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും അധികമായി നൽകിയ വെള്ളക്കരം തിരികെ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-24 ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്ട് | 102/22-23, ലൈഫ് ഭവനനിർമ്മാണം അഡീഷണൽ (എസ്.സി) |
| അടങ്കൽ | 1,2408,183/- |
| ചെലവ് | 69,64,863/- |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തിരുവമ്പാടി സർക്കിൾ |

തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, വാർഡ് 16 ലെ ഗുണഭോക്താവായ ശ്രീമതി ഓമന ഭാസ്കരൻ, ചക്കോട്ടി പുറായിൽ എന്നവർക്ക് മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനുള്ള ധനസഹായത്തിന്റെ ആദ്യഗഡുവായി 40,000/- രൂപ അനുവദിച്ചിട്ടുണ്ട് [സാംഖ്യ ബിൽ നം. 101/22-23 തീയതി 25.11.22, ആകെ ബിൽ തുക 2,40,000/-, ഫണ്ട്- വികസന ഫണ്ട്(എസ്.സി.പി]. എന്നാൽ പ്രസ്തുത ഗുണഭോക്താവ് തുക ചെലവഴിച്ച് പ്രവൃത്തി ആരംഭിക്കുകയോ, ആയതിന്റെ അടിസ്ഥാനത്തിൽ ധനസഹായത്തിന്റെ തുടർന്നുള്ള ഗഡുക്കൾക്ക് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. ധനസഹായം കൈപ്പറ്റിയിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/2021-22 തീയതി 25.09.2023) മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക 40,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

## 1-25 ഭവന പുനരുദ്ധാരണം - മൂല്യനിർണ്ണയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് | 90/22-23, വീട് വാസയോഗ്യമാക്കൽ - പട്ടികജാതി വിഭാഗം |
| അടങ്കൽ | 4,65,451/- ( വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 4,65,451/- |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുല്ലൂരാംപാറ സർക്കിൾ |

മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന 6 ഗുണഭോക്താക്കൾക്ക് 23.04.2022ലെ 01/22-23 നമ്പർ സാംഖ്യ ബിൽ പ്രകാരം ഭവന പുനരുദ്ധാരണത്തിനുള്ള രണ്ടാം ഗഡു ധനസഹായമായി ആകെ 4,17,400/- രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് നമ്പർ | അനുവദിച്ച ധനസഹായം | |
|---|---|---|---|---|
| | | | ഒന്നാം ഗഡു/ തീയതി (പ്രൊ.നം 126/21-22) | രണ്ടാം ഗഡു |
| 1 | സരോജിനി | 9 | 75000/15.02.22 | 75000 |
| 2 | പരമേശ്വരൻ | 4 | 75000/10.01.22<br>32600/30.03.22 | 42400 |
| 3 | ശാന്ത.കെ | 13 | 75000/25.02.22 | 75000 |
| 4 | ഭാസ്കരൻ | 16 | 75000/25.02.22 | 75000 |
| 5 | കല്യാണി.എം | 11 | 75000/05.03.22 | 75000 |
| 6 | ചിന്നമ്മു | 9 | 75000/05.03.22 | 75000 |
| ആകെ | | | | 417400 |

അവസാന ഗഡു തുക നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണ്ണം നടത്തിയിരിക്കണം എന്നും, അതിനനുസരിച്ചായിരിക്കണം സബ്സിഡി നിർണ്ണയിക്കേണ്ടത് എന്നും 14.02.2018 ലെ സ.ഉ(കൈ) 22/2018/തസ്വഭവ നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.7, ക്രമ നം. 6 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തുക നൽകുന്നതിന് മുൻപ് പ്രവൃത്തി മൂല്യനിർണയം നടത്തിയത് സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/2021-22 തീയതി 25.09.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 4,17,400/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മൂല്യനിർണ്ണയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യൽ - ഗ്രാമപഞ്ചായത്തിന് വൻ തുക ചെലവ്

| | |
|---|---|
| പ്രൊജക്റ്റ് | 226/22-23,<br>റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യാൻ ഏജൻസിക്ക് തുക നൽകൽ |
| അടങ്കൽ | 18,00,000/- ( തനത് ഫണ്ട് ) |
| ചെലവ് | 11,91,950/- |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുല്ലൂരാംപാറ സർക്കിൾ |

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന ശേഖരിച്ച അജൈവമാലിന്യങ്ങളിൽ നിന്ന് വേർതിരിക്കപ്പെട്ട പുനരുപയോഗയോഗ്യമല്ലാത്ത തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് "ഗ്രീൻ വേംസ്" എന്ന സ്ഥാപനത്തിന് 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് താഴെ പറയും പ്രകാരം 11,91,950/- നൽകിയിട്ടുണ്ട്.

| ക്രമ നം. | നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് (കി.ഗ്രാം) | ബിൽ നം. /തീയതി | തുക |
|---|---|---|---|
| 1 | 12495 | 71/22-23 തീയതി 11.10.22 | 74970 |
| 2 | 18740 | 72/22-23 തീയതി 11.10.22 | 112440 |
| 3 | 7530 | 73/22-23 തീയതി 11.10.22 | 45180 |
| 4 | 10965 | 77/22-23 തീയതി 12.10.22 | 28790(#) |
| 5 | 111255 | 180/22-23 തീയതി 31.01.23 | 667530 |
| 6 | 43840 | 392/22-23 തീയതി 30.03.23 | 263040 |
| ആകെ | 204825 | ആകെ | 1191950 |

[(#) 2021-22 സാമ്പത്തിക വർഷം വി.ഇ.ഒ നടപ്പാക്കിയ 224/21-22 നമ്പർ പ്രൊജക്റ്റ് പ്രകാരം വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യനീക്കവുമായി ബന്ധപ്പെട്ട് ക്യൂ.ആർ കോഡ് പതിക്കുന്നതിന് "ഗ്രീൻ വേംസ്" എന്ന സ്ഥാപനത്തിന് 37,000/- രൂപ നൽകിയിരുന്നു. അവർ പതിച്ച ക്യൂ.ആർ കോഡ് പ്രവർത്തനരഹിതമായതിനാൽ മാലിന്യം നീക്കം ചെയ്തതിന് നൽകേണ്ട യഥാർത്ഥ തുകയായ 65790 രൂപയിൽ നിന്ന് പ്രസ്തുത പ്രൊജക്റ്റിലെ ചെലവു തുക കിഴിച്ച് ബാക്കി തുകയാണ് ബിൽ പ്രകാരം നൽകിയിട്ടുള്ളത്(65790- 37000= 28790)]

ഗ്രാമപഞ്ചായത്തുമായുള്ള കരാർ പ്രകാരം ഒരു കിലോ ഗ്രാം തിരസ്കൃതമാലിന്യം നീക്കം ചെയ്യുന്നതിന് "ഗ്രീൻ വേംസ്" ഈടാക്കുന്ന നിരക്ക് 6/- രൂപയാണ്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പിരിക്കുന്ന യൂസർ ഫീ, പുനരുപയോഗയോഗ്യമായ മാലിന്യങ്ങൾ വിറ്റൊഴിയുന്നതിലൂടെ ലഭിക്കുന്ന വരുമാനം എന്നിവ ഉപയോഗിച്ച് നിലവിൽ ഹരിതകർമ്മസേനയ്ക്ക് തിരസ്കൃത മാലിന്യം നീക്കം ചെയ്യുന്നതിനുള്ള തുക നൽകാൻ ശേഷിയില്ല എന്നിരിക്കിലും മാലിന്യ നീക്കത്തിനായി പ്രതിവർഷം വൻതുക ചെലവഴിക്കേണ്ടി വരുന്നത് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് വലിയൊരു ബാധ്യതയാണ്. [2021-22 സാമ്പത്തിക വർഷം തിരസ്കൃതമാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് 16,97,665/- രൂപ ചെലവഴിച്ചിരുന്നു (പ്രൊജക്റ്റ് നം. 223/21-22). 2023-24 സാമ്പത്തിക വർഷം ഇതേ ആവശ്യത്തിനായി 9,00,000/- രൂപ വകയിരുത്തിയിട്ടുണ്ട് (പ്രൊജക്റ്റ് നം. 144/23-24)].

നിലവിൽ ഈ ബാധ്യത കുറച്ചു കൊണ്ടു വരുന്നതിനുള്ള യാതൊരു ശ്രമങ്ങളും ഗ്രാമപഞ്ചായത്ത് നടത്തുന്നതായി കാണുന്നില്ല. മാലിന്യം നീക്കം ചെയ്തതിന് ശേഷം തുക അവകാശപ്പെട്ട് കൊണ്ട് ഏജൻസി നൽകുന്ന ബിൽ ലഭിക്കുമ്പോൾ മാത്രമാണ് എത്ര അളവിൽ മാലിന്യം നീക്കം ചെയ്തിട്ടുണ്ട് എന്ന് പോലും ഗ്രാമപഞ്ചായത്ത് അറിയുന്നത്. ദൂരപ്രദേശങ്ങളിലുള്ള വെയ് ബ്രിഡ്ജുകളിൽ വെച്ചാണ് കയ്യൊഴിയുന്ന മാലിന്യത്തിന്റെ തൂക്കമെടുക്കപ്പെടുന്നത്. ഇതിന് നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ്

എക്സ്റ്റൻഷൻ ഓഫീസറോ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തുന്ന മറ്റാരെങ്കിലുമോ യാതൊരുവിധ മേൽനോട്ടവും വഹിക്കുന്നതില്ല.

അവനവന്റെ മാലിന്യം അവനവന്റെ തന്നെ ഉത്തരവാദിത്തമാണെന്നിരിക്കെ തിരസ്കൃത മാലിന്യം കയ്യൊഴിയുന്നതിനുള്ള ചെലവ് പൂർണ്ണമായി ഒഴിവായി കിട്ടുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

പുനരുപയോഗയോഗ്യമല്ലാത്ത തിരസ്കൃത മാലിന്യങ്ങൾ കയ്യൊഴിയുന്നതിനുള്ള ബാധ്യത ഗ്രാമപഞ്ചായത്തിന് പൂർണ്ണമായി ഒഴിവായി കിട്ടുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 അടുക്കളമുറ്റത്തെ കോഴി വളർത്തൽ - അനുവദനീയമായതിനേക്കാൾ അധികം സബ്സിഡി അനുവദിച്ചു

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ 122/22-23 നമ്പർ പ്രൊജക്ട്(അടുക്കള മുറ്റത്തെ കോഴി വളർത്തൽ - വനിത) പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ 1181 ഗുണഭോക്താക്കൾക്ക് അഞ്ച് കോഴിക്കുഞ്ഞുങ്ങളുടെ ഓരോ യൂണിറ്റ് വീതം വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ 100 ശതമാനം സബ്സിഡിയോട് കൂടിയാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുള്ളത്. ഒരു കോഴിക്കുഞ്ഞിന് 130/- രൂപ നിരക്കിൽ അഞ്ച് കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന ഒരു യൂണിറ്റിന് 650/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. ഇത് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ യൂണിറ്റ് കോസ്റ്റിനേക്കാൾ 50/- രൂപ അധികമാണ്. അതിനാൽ വിതരണം ചെയ്ത 1181 യൂണിറ്റുകൾക്കായി അധികം ചെലവു ചെയ്ത 59050/- രൂപ ( 1181 X 50 = 59050) ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഈ റിപ്പോർട്ടിലെ ഭാഗം-3 ലെ ഖണ്ഡിക 27 കൂടി കാണുക)

## 1-28 ഡി.പി.സി ഹാൾ നവീകണത്തിന് തുക നൽകൽ - വിനിയോഗസാക്ഷ്യപത്രമില്ല

ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 10.01.2023ലെ 001/2023/ ഡി.പി.സി/ഡി.പി.ഒ/ കെ.കെ.ഡി നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിലെ കോൺഫറൻസ് ഹാൾ നവീകരണത്തിനായി 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് 2,00,000/- രൂപ നൽകിയിട്ടുണ്ട് [പ്രൊജക്ട് നം. 215/22-23, ഡി.പി.സി ഹാൾ-ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ; സാംഖ്യ ബിൽ നം. 183/22-23 തീയതി 03.02.23; നിർവ്വഹണം- സെക്രട്ടറി]. എന്നാൽ മേൽ തുക സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-29 ജൽജീവൻ മിഷൻ പദ്ധതിക്കായി സ്ഥലം വാങ്ങൽ - ചട്ടപ്രകാരമുള്ള വ്യവസ്ഥ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്ട് | 220/22-23,<br>ജൽജീവൻ മിഷൻ പദ്ധതി - സ്ഥലം വാങ്ങൽ |
| അടങ്കൽ | 11,50,000/-<br>[വികസന ഫണ്ട് (പൊതു വിഭാഗം)- 10,00,000<br>തനത് ഫണ്ട് - 1,50,000] |
| ചെലവ് | 9,97,425/-<br>[ബിൽ നം. 317/22-23 തീയതി 23.03.23] |
| നിർവ്വഹണം | സെക്രട്ടറി |

ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മിക്കുന്നതിനായി തിരുവമ്പാടി വില്ലേജ് റീ സർവ്വെ നം. 74/1 ബി1 ൽ ശ്രീമതി സുലൈഖ, W/o ഉള്ളാട്ടിൽ മുഹമ്മദ് എന്നവരുടെ കൈവശത്തിലുണ്ടായിരുന്ന 25 സെന്റ് ഭൂമി തിരുവമ്പാടി ഗ്രാമപഞ്ചായത്ത് മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി ഉഭയസമ്മത പ്രകാരം വാങ്ങിയിട്ടുണ്ട് (തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിൽ 22.03.2023 ന് രജിസ്റ്റർ ചെയ്ത 476/2023 നമ്പർ ആധാരം).

തദ്ദേശസ്ഥാപനങ്ങൾ ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകേണ്ടത് ജില്ലാ കലക്ടറാണെന്ന് 22.01.1999 ലെ ജി.ഒ (പി) 18/98/എൽ.എ.ഡി നമ്പർ ഉത്തരവിലെ ഖണ്ഡിക 4(iv) ൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഉഭയ സമ്മതപ്രകാരം വാങ്ങാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വില ജില്ലാ കലക്ടറോ തഹസിൽദാരോ രേഖാമൂലം നിശ്ചയിക്കുന്ന വിലയേക്കാൾ അധികരിക്കരുതെന്ന് 2005 ലെ കേരള പഞ്ചായത്തിരാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 5(1) സി യിലും വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ കലക്ടറുടെ മൂല്യനിർണ്ണയം പ്രാദേശിക വിപണിവിലയുമായി പൊരുത്തപ്പെടാത്ത പക്ഷം ആയതിന്മേൽ തദ്ദേശസ്ഥാപന ഭരണസമിതിയുടെ ഏകകണ്ഠമായ തീരുമാനപ്രകാരം പരമാവധി മുപ്പത് ശതമാനം വരെ സാന്ത്വനപ്രതിഫലം നൽകാവുന്നതാണ് [ജി.ഒ (പി) 18/98/എൽ.എ.ഡി നമ്പർ ഉത്തരവിലെ ഖണ്ഡിക 4(v)]. എന്നാൽ ജില്ലാ കലക്ടറുടേയോ തഹസിൽദാരുടേയോ മൂല്യനിർണ്ണയത്തിന് പകരം തിരുവമ്പാടി വില്ലേജ് ഓഫീസർ ലഭ്യമാക്കിയ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് മേൽ പ്രൊജക്ട് പ്രകാരം ഭൂമി വാങ്ങിയിട്ടുള്ളത്. ആയത് ചട്ടവിരുദ്ധമാണ്.

തിരുവമ്പാടി വില്ലേജ് ഓഫീസർ ലഭ്യമാക്കിയ ആദ്യ മൂല്യനിർണ്ണയ പ്രകാരം (സാക്ഷ്യപത്രം നം. 672/2022 തീയതി 22.09.2022 ) ഭൂമി വില സെന്റൊന്നിന് 15,000/- രൂപയായിരുന്നു. പ്രസ്തുത വില ഭൂവുടമ അംഗീകരിക്കാത്തതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുകയും (15.10.2022ലെ 7/7 നമ്പർ ഭരണസമിതി തീരുമാനം) ആയതിന്റെ അടിസ്ഥാനത്തിൽ സെന്റൊന്നിന് 32,175/-രൂപ നിജപ്പെടുത്തി വില്ലേജ് ഓഫീസർ പുതുക്കിയ മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകുകയും ചെയ്തു (സാക്ഷ്യപത്രം നം. 672/2022 തീയതി 13.01.2023). ഭൂമിയുടെ മൂല്യം മൂന്നര മാസത്തിനുള്ളിൽ ഇരട്ടിയിലധികം വർദ്ധിച്ചതെങ്ങിനെയെന്ന് വ്യക്തമല്ല. പുതുക്കിയ മൂല്യനിർണ്ണയത്തിൻമേൽ 24% സാന്ത്വന പ്രതിഫലം അനുവദിച്ച് (ഭരണസമിതിയുടെ 30.01.2023ലെ 2/2 നമ്പർ ഏകകണ്ഠ തീരുമാനം) സെന്റൊന്നിന് 39,897/- കണക്കാക്കിയാണ് ഗ്രാമപഞ്ചായത്ത് മേൽപറഞ്ഞ 25 സെന്റ് ഭൂമി വാങ്ങിയിട്ടുള്ളത്. ചട്ടപ്രകാരമുള്ള വ്യവസ്ഥകളും സർക്കാർ ഉത്തരവും പാലിക്കാതെ ഭൂമി വിലയ്ക്ക് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2021-22 തീയതി 25.09.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 9,97,425/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചട്ടങ്ങളും, സർക്കാർ ഉത്തരവും പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ജലജീവൻ മിഷൻ പദ്ധതി മിഷൻ വിഹിതവും തദ്ദേശ വിഹിതവും ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നതെന്നിരിക്കെ ടാങ്കിനായി ഭൂമി വാങ്ങുന്ന കാര്യത്തിലും മിഷൻ വിഹിതം കൂടി ഉൾപ്പെടുത്തേണ്ടതല്ലേയെന്ന് പരിശോധിക്കേണ്ടതാണ്.

## 1-30 ശുചിമുറികൾ ഉപയോഗയോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല

തദ്ദേശ സ്വയംഭരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, പൗരാവകാശരേഖ എന്നിവയനുസരിച്ച് നൽകി വരുന്ന വിവിധ സേവനങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2020 മുതൽ ഐ.എസ്.ഒ 9001:2015 സർട്ടിഫിക്കേഷനുള്ള സ്ഥാപനമാണ് തിരുവമ്പാടി ഗ്രാമപഞ്ചായത്ത് കാര്യാലയം (സർട്ടിഫിക്കറ്റ് നമ്പർ TSQ/Q-1196, കാലാവധി - 03.01.2020 മുതൽ 02.01.2023 വരെ, സർട്ടിഫിക്കറ്റ് നമ്പർ TSQ/Q-1774, കാലാവധി - 03.01.2023 മുതൽ 02.01.2026 വരെ). ഇത്തരത്തിൽ ഉന്നത ഗുണനിലാര സാക്ഷ്യപത്രം ലഭിച്ചിട്ടുള്ള ഒരു സ്ഥാപനം വിവിധ സേവനങ്ങൾക്കായി എത്തിച്ചേരുന്ന ഗുണഭോക്താക്കൾക്ക് തൃപ്തികരമായ രീതിയിലുള്ള അടിസ്ഥാന

സൗകര്യങ്ങൾ തീർച്ചയായും ഒരുക്കിയിരിക്കേണ്ടതാണ്. അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് വൃത്തിയുള്ളതും സുരക്ഷിതവുമായ ശുചിമുറികൾ. എന്നാൽ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ശുചിമുറികളിൽ മിക്കതും ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലാണ് ഉള്ളത്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ രണ്ടാം നിലയിലാണ് എഞ്ചിനീയറിംഗ് വിഭാഗം, തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയുടെയും ഐ.സി.ഡി.എസ് സൂപ്പർവൈസറുടെയും ഓഫീസുകൾ പ്രവർത്തിക്കുന്നത്. ഭരണസമിതി യോഗ ഹാളും, സ്ഥിരം സമിതി അധ്യക്ഷന്മാർക്കുള്ള മുറികളും, ഫീഡിങ്ങ് റൂമും സജ്ജീകരിച്ചിരിക്കുന്നതും ഇതേ നിലയിൽ തന്നെയാണ്. എല്ലാ സജ്ജീകരണങ്ങളും പൂർത്തീയായിട്ടുള്ള നാല് ശുചിമുറികൾ അവിടെ ഉണ്ടെങ്കിലും അവയിൽ ഒന്ന് മാത്രമാണ് നിലവിൽ ഉപയോഗയോഗ്യമായിട്ടുള്ളത്. ശേഷിക്കുന്ന മൂന്നെണ്ണവും ശുചിയാക്കാത്തതിനാലും, പാഴ് വസ്തുക്കൾ കൂട്ടിയിട്ട നിലയിലായതിനാലും മേൽപറഞ്ഞ ഓഫീസുകളിലെ ജീവനക്കാർക്കും, അവിടെ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്കും ഉപയോഗിക്കാനാവാത്ത അവസ്ഥയിലാണുള്ളത്. ഫീഡിംഗ് റൂമിന്റെ വാതിൽ പൊളിഞ്ഞ നിലയിലാണ് ഉള്ളത്. കമ്മ്യൂണിറ്റി ഹാൾ സ്ഥിതി ചെയ്യുന്ന മൂന്നാം നിലയിലും എല്ലാ സൗകര്യങ്ങളോടും കൂടിയ നാല് ശുചിമുറികളുണ്ടെങ്കിലും അവിടെയും ഒരു ശുചിമുറി മാത്രമാണ് നിലവിൽ ഉപയോഗിക്കാനാവുന്നതായി ഉള്ളത്.

ശുചിമുറികൾ അടിയന്തിരമായി ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 1-31 വാതകശ്മശാനം - പ്രവർത്തനാരംഭത്തിൽ തന്നെ റിപ്പയറിങ്ങിനായി ലക്ഷങ്ങൾ ചെലവ്

| | |
|---|---|
| പ്രൊജക്റ്റ് | 279/22-23, ഗ്യാസ് ക്രിമറ്റോറിയം അറ്റകുറ്റപ്പണികൾ - തുക നൽകൽ |
| അടങ്കൽ | 6,00,000/- [തനത് ഫണ്ട്] |
| ചെലവ് | 5,98,968/- [ബിൽ നം. 300/22-23 തീയതി 18.03.23 ] |
| നിർവ്വഹണം | സെക്രട്ടറി |

തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ ഒരു വാതക ശ്മശാനം (ഗ്യാസ് ക്രിമറ്റോറിയം) സജ്ജമാക്കുന്നതിനുള്ള പദ്ധതി 2017-18 സാമ്പത്തിക വർഷമാണ് ആരംഭിച്ചത്. കൃത്യമായ ആസൂത്രണമില്ലാതെ ആരംഭിച്ച പദ്ധതി അഞ്ചുവർഷങ്ങളും 12 പ്രൊജക്ടുകളും പിന്നിട്ട ശേഷമാണ് പ്രവർത്തന സജ്ജമായത്. പദ്ധതി നിർവ്വഹണത്തിലെ ബഹുവിധമായ അപാകതകളെ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിരുന്നു (പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 1-16 കാണുക). വാതക ശ്മശാന നിർമ്മാണത്തിനുള്ള ആദ്യത്തെ പ്രൊജക്ട് (208/17-18) ആരംഭിച്ച് 5 വർഷങ്ങൾക്ക് ശേഷം 03.11.2022 നാണ് ക്രിമറ്റോറിയം ഉദ്ഘാടനം ചെയ്യപ്പെട്ടത്. എന്നാൽ ഉദ്ഘാടന ശേഷം 07.11.2022 ന് ആദ്യ മൃതദേഹം ദഹിപ്പിച്ചപ്പോൾ തന്നെ ക്രിമറ്റോറിയത്തിന്റെ പ്രൈമറി ചേംബറിലെ ബ്രിക്ക് ലൈനിങ്ങ് അടർന്നു വീഴുകയും ക്രിമറ്റോറിയം തുടർന്ന് പ്രവർത്തിപ്പിക്കാനാവാത്ത സ്ഥിതി വിശേഷമുണ്ടാവുകയും ചെയ്തു. തകരാർ പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ക്രിമറ്റോറിയം നിർമ്മിച്ച് നൽകിയ ഏജൻസിയായ സിൽക്കിനോട് (Steel Industries Kerala Limited -SILK) ആവശ്യപ്പെടുകയും, സിൽക്കിന്റെ ബേപ്പൂർ ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ് നടത്തിയ റിപ്പയറിംഗ് പ്രവൃത്തികൾക്കായി 279/22-23 നമ്പർ പ്രൊജക്ട് പ്രകാരം 5,98,968/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 27.11.2018 നാണ് ഒരു വർഷ വാറണ്ടിയോട് കൂടി ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് ആവശ്യമായ മെഷിനറികളും ജനറേറ്ററും സ്ഥാപിക്കുന്നതിന് സിൽക്കുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടത്. 28,18,080/- രൂപയായിരുന്നു കരാർ തുക. ആറ് മാസമായിരുന്നു പൂർത്തീകരണ കാലാവധി. പ്രസ്തുത കാലാവധിക്കകം തന്നെ ജനറേറ്റർ ഒഴികെയുള്ള സാമഗ്രികളെല്ലാം സിൽക്ക് പ്രവൃത്തി സ്ഥലത്ത് എത്തിച്ചിരുന്നു. മെഷിനറികൾ സ്ഥലത്തെത്തിയതിന് ശേഷമാണ് ജനറേറ്റർ

സ്ഥാപിക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചത്. പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തിയാവുന്നതിനും, പിന്നീട് ജനറേറ്റർ സ്ഥാപിക്കുന്നതിനും, ശ്മശാനത്തിലേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുമെല്ലാം വർഷങ്ങൾ വേണ്ടിവന്നു. വാറണ്ടി കാലാവധിക്കിടെ ഈ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ച് ക്രിമറ്റോറിയം പ്രവർത്തന സജ്ജമാക്കിയിരുന്നെങ്കിൽ പ്രൈമറി ചേംബറിന് സംഭവിച്ച തകരാർ യാതൊരു തുകയും ചെലവഴിക്കാതെ തന്നെ റിപ്പയർ ചെയ്ത് ലഭിക്കുമായിരുന്നു. കൃത്യമായ ആസൂത്രണമില്ലാതെ തികച്ചും ഭാവനാരഹിതമായി പദ്ധതി നടപ്പാക്കിയത് മൂലമാണ് വാറണ്ടി കാലാവധിയിൽ തന്നെ ക്രിമറ്റോറിയത്തിന്റെ തകരാർ കണ്ടെത്താൻ സാധിക്കാതിരുന്നതും, ആയതിന്റെ റിപ്പയറിംഗിനായി പിന്നീട് വൻ തുക ചെലവഴിക്കേണ്ടി വന്നതും.

2) ഗ്യാസ് ക്രിമറ്റോറിയത്തിനുള്ളിൽ വെള്ളം കയറുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നതിനാൽ സ്ഥലത്തെത്തിച്ച മെഷിനറികളും വൈദ്യുത ഉപകരണങ്ങളും നനയാനും ചീത്തയാവാനുമുള്ള സാധ്യതയുണ്ടെന്നും, ആയത് തടയുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വികരിക്കണമെന്നും സിൽക്ക് ഗ്രാമപഞ്ചായത്തിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിരുന്നു (സിൽക്ക് ഗ്രാമപഞ്ചായത്തിനയച്ച SILK/SBU(B)/2019-20/026 തീയതി 02.05.2019, SILK/SBU(B)/2019-20/142 തീയതി 30.08.2019, SILK/SBU(B)/2019-20/200 തീയതി 25.10.2019 നമ്പർ കത്തുകൾ). തുടർന്ന് മെഷിനറികളുടെയും വൈദ്യുത ഉപകരണങ്ങളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് പലതവണ രേഖാമൂലം ആവശ്യപ്പെട്ടിട്ടും യാതൊരു മുൻകരുതലും എടുത്ത് കാണാത്തതിനാൽ അവയുടെ ഉപയോഗക്ഷമതയിൽ വല്ല തകരാറും സംഭവിച്ചാൽ സ്ഥാപനത്തിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ലെന്ന് 23.01.2020 തീയതിയിലെ SILK/ SBU(B)/2019-20/364 കത്ത് മുഖേന സിൽക്ക് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾക്ക് വിതരണ സ്ഥാപനം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും മതിയായ സംരക്ഷണവും സുരക്ഷിതത്വവും നല്കാതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വലിയ വീഴ്ചയാണ്. ആദ്യ ഉപയോഗത്തിന് ശേഷം തന്നെ ക്രിമറ്റോറിയത്തിന് തകരാർ സംഭവിച്ചതിന് ഈ വീഴ്ച ഒരു പരിധി വരെ കാരണമായിരിക്കാൻ സാധ്യതയുണ്ട്.

3) ക്രിമറ്റോറിയം റിപ്പയറിംഗിനായി 28.11.2022 തീയതിയിലെ SILK/SBUB/ 2022-23/556 കത്ത് പ്രകാരം സിൽക്ക് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൈമറി ചേംബറിന്റെ ടോപ്പ് പ്ലേറ്റ് മുറിച്ച് മാറ്റി , നിലവിലുള്ള മൺകട്ടകൾ എടുത്ത് മാറ്റി ചേംബർ വൃത്തിയാക്കുന്നതിനും മുറിച്ച് മാറ്റിയ ടോപ്പ് പ്ലേറ്റ് റിപ്പയറിംഗ് പ്രവൃത്തിക്ക് ശേഷം വെൽഡ് ചെയ്ത് പുന സ്ഥാപിക്കുന്നതിനും | 30000 |
| പ്രൈമറി ചേംബറിൽ പുതിയ മൺകട്ടകൾ സ്ഥാപിക്കുന്നതിന് [Supply And Installation Of Bricks In The Primary Chamber With All Consumables] | 4,40,000 |
| ജി.എസ്.റ്റി@18% | 84,600 |
| സെന്റേജ് @ 8% | 37,600 |

| | |
|---|---|
| സെന്റേജിന്മേലുള്ള ജി.എസ്.ടി @ 8% | 6,768 |
| ആകെ | 5,98,968 |

ഒരു മൃതദേഹം ഉള്ളിലേയ്ക്ക് വയ്ക്കാൻ മാത്രം വിസ്താരമുള്ള പ്രൈമറി ചേംബറിനുള്ളിൽ മൺകട്ടകൾ വിരിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ 4,40,000/- രൂപ ചാർജ്ജ് ചെയ്തിട്ടുള്ളത്. റിപ്പയറിംഗിനായി സിൽക്ക് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രസ്തുത സ്ഥാപനവുമായി യാതൊരു നെഗോസ്യേഷനും നടത്താതെ തന്നെ ഭരണസമിതി അംഗീകരിക്കുകയാണുണ്ടായത് (ഭരണസമിതിയുടെ 01/01.12.2022 നമ്പർ തീരുമാനം). സിൽക്കിന് തന്നെ ലക്ഷങ്ങൾ നൽകി സ്ഥാപിച്ചിട്ടുള്ള ക്രിമറ്റോറിയമാണ് കേടുവന്നിട്ടുള്ളത് എന്നിരിക്കെ വാറണ്ടി കാലാവധി കഴിഞ്ഞിട്ടുണ്ടെങ്കിൽ പോലും സൗജന്യമായി റിപ്പയർ ചെയ്തു കിട്ടുന്നതിനോ, ആയതിന് സാധിക്കാത്തപക്ഷം റിപ്പയറിംഗ് ചാർജ്ജ് കുറവ് ചെയ്ത് കിട്ടുന്നതിനോ ശ്രമം നടത്താമായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഇത്തരത്തിൽ യാതൊരു ശ്രമവും ഉണ്ടായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/2021-22 തീയതി 25.09.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 5,98,968/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അടുക്കളമുറ്റത്തെ കോഴി വളർത്തൽ - അനുവദനീയമായതിനേക്കാൾ അധികം സബ്സിഡി അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് | 122/22-23, അടുക്കള മുറ്റത്തെ കോഴി വളർത്തൽ - വനിത |
| അടങ്കൽ | 7,67,650/- ( വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 7,67,650/-<br>[ സാംഖ്യ ബിൽ നം. 135/22-23 തീയതി 22.12.22- 2,60,650/-<br>സാംഖ്യ ബിൽ നം. 153/22-23 തീയതി 13.01.23- 2,75,600/-<br>സാംഖ്യ ബിൽ നം. 170/22-23 തീയതി 25.01.23- 2,31,400/-] |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

മേൽ പ്രൊജക്ട് പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ 1181 ഗുണഭോക്താക്കൾക്ക് അഞ്ച് കോഴിക്കുഞ്ഞുങ്ങളുടെ ഓരോ യൂണിറ്റ് വീതം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമില്ലാതെ 100 ശതമാനം സബ്സിഡിയോട് കൂടിയാണ് പ്രൊജക്ട് പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുള്ളത്. മലപ്പുറം ജില്ലയിലെ അരീക്കോടുള്ള "അബ്ബാസ് ഉള്ളാടൻ എഗ്ഗർ നഴ്സറി"എന്ന സ്ഥാപനത്തിൽ നിന്നാണ് വിതരണത്തിനായി കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുള്ളത്. ഒരു കോഴിക്കുഞ്ഞിന് 130/- രൂപ നിരക്കിൽ ആകെ 5905 എണ്ണത്തിനുള്ള (1181 ഗുണഭോക്താക്കൾ X 5 എണ്ണം) തുകയായി 7,67,650/- രൂപ

സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയും പ്രൊജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 28.05.2022 ലെ (കൈ)115/2022/ തസ്വഭവ നമ്പർ ഉത്തരവിലെ അനുബന്ധത്തിന്റെ ഖണ്ഡിക 6.3, ക്രമ നം. 25 പ്രകാരം അടുക്കള മുറ്റത്തെ കോഴിവളർത്തലിനായി എല്ലാ വിഭാഗങ്ങൾക്കും അനുവദിക്കാവുന്ന പരമാവധി സബ്സിഡി 100 ശതമാനവും, പരമാവധി യൂണിറ്റ് കോസ്റ്റ് 600/- രൂപയുമാണ്. ഇത് അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്കാണെന്നും, ആയതിൽ അധികരിക്കാതെയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടതെന്നും മേൽ ഉത്തരവിന്റെ അനുബന്ധത്തിന്റെ ഖണ്ഡിക 6 ൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

പ്രൊജക്റ്റ് പ്രകാരം ഒരു കോഴിക്കുഞ്ഞിന് 130/- രൂപ നിരക്കിൽ അഞ്ച് കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന യൂണിറ്റിന് 650/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. ഇത് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ യൂണിറ്റ് കോസ്റ്റിനേക്കാൾ 50/- രൂപ അധികമാണ്. അതുപ്രകാരം വിതരണം ചെയ്ത 1181 യൂണിറ്റുകൾക്കായി 59050/- രൂപ (1181 X 50 = 59050) അധിക ചെലവ് വന്നിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/2021-22 തീയതി 25.09.2023) മറുപടി ലഭിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 59050/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് | ഓഡിറ്റ് വർഷത്തെ ചെലവ് | കരാറുകാരൻ, അഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 72 /22-23 (So) മറിയപ്പുറം കക്കുണ്ട് റോഡ് | 342577 ( മെ.ഫണ്ട്.റോഡ് ) ബിൽ നം./ 139/ 28.12.22 | ബിജോ.കെ.പി 41/AE/l.s.g.d /21-22. 21.1.22 Mbook. 300/ | 6 മാസം 21.1.22 21.12. 22 | പി. എ. സി തുക 366052.17 രൂപയുടെ (3%) രൂപ 10982 |

| | | | | | |
|---|---|---|---|---|---|
| | | | 21-22 | | |
| 2 | 75/22-23 പോയിലിൽ റോഡ് (So) | 267729 എസ്.സി.പി ബിൽ നം 96/23.11.22 | ബിജോ.കെ.പി 63/AE/21-22 .28.2.22 Mbook. 277/ 21-22 | 6മാസം 28.2.22 26.10.22 | പി. എ. സി തുക 300000രൂപ യുടെ (3%) 9000 |
| 3 | 52/22-23. മധുരമൂല അച്ചുതൻ പടി റോഡ്(so) | 242929 ബിൽനം . 305/22/3/23 ( മെ.ഫണ്ട്.റോഡ് ) | KJLCC.society 31/AE/21-22./ 11.1.22 M Book. 311/21-22 | 6 മാസം 11.1.22 15.3.23 | പി. എ. സി തുക 216901.28രൂപ യുടെ (3%) 6507 |
| 4 | 64/22-23 പരമ്പരാഗത കുളങ്ങളുടെയും ജലസ്രോതസ്സുക ളുടെയും നവീ കരണം (So) | 661736 ധനകാര്യകമ്മീഷൻ അവാർഡ്. ബിൽനം . 199/13.2.23 | ഗോപാലകൃഷ്ണൻ കെ. എം. 4/AE/22-23/ 4.4.22 M Book. 301/22 | 6 മാസം 4.4.22 18.1.23 | പി. എ. സി തുക 590835.86 രൂപ യുടെ (3%) 17725 |
| 5 | 61/22-23 കൊളത്താറ്റിൽ വയൽവാരം റോഡ്(so) | 207558 62/12.9.23 . 100000. ധനകാര്യ കമ്മീഷൻ അവാർഡ് ചെക്ക് നം . 487249/7.2.23 107558തനത്ഫണ്ട് | ഷംസുദ്ദീൻ .കെ 16/AE/21-22/ 25.10.21 M Book. 256/21-22 | 6 മാസം 25.10.21 10.8.22 | പി. എ. സി തുക 185319.81 രൂപയുടെ (3%) 5560 |
| | ആകെ | | | | 49774 |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഇവിടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ കാലാവധി നീട്ടിനൽകാൻ അപേക്ഷിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല .ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽബിൽ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്

മറുപടി ലഭ്യമല്ല. പിഴ ഈടാക്കാനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 18-09-2023 മുതൽ 25-09-2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് | 2022-23 | 97900 | ഫാം ടൂറിസം | 97900 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | 308838 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 308838 |
| | | 630000 | ഭിന്നശേഷി സ്കോളർഷിപ്പ് | 630000 |
| | | 1690000 | മിൽക്ക് ഇൻസെന്റീവ് | 1690000 |
| | | 2726738 | | 2726738 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 78400 | ഫാം ടൂറിസം | 78400 |
| | | 720000 | ലൈഫ് മിഷൻ ഭവനപദ്ധതി (ജനറൽ) | 720000 |
| | | 380000 | ലൈഫ് ഭവനപദ്ധതി (എസ്.സി അഡീഷണൽ) | 380000 |
| | | 1100000 | മിൽക്ക് ഇൻസെന്റീവ് | 1100000 |
| | | 210000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 210000 |
| | | 500000 | കറവ പശുക്കൾക്ക് കാലിത്തീറ്റ | 500000 |
| | | 2988400 | | 2988400 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | ജി.ഒ.(എം.എസ്.)/ 68/2018/ 18-05-2018 | 2022-23 | 1110000 | 3200165 | 1409014 | 0 | 2901151 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11990 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | ഖ 1(11) | 3940 | J J Enterprises | 1220108400/24.3.23 |
| 2020-21 | ഖ 1(10) | 2500 | KTDC, പുല്ലൂരാമ്പാറ | 1220105732/4.1.23 |
| 2020-21 | ഖ 1(10) | 1250 | മറിയം ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1220106029/16.1.23 |
| 2020-21 | ഖ 1(10) | 2500 | അബ്ദുൾ റസാഖ്, താജ് ഓയിൽ മിൽ | 1220106351/24.1.23 |
| 2021-22 | ഖ 1(11) | 1800 | ഒലിവ് | 1220106929/9.2.23 |

| | | | | |
|---|---|---|---|---|
| | | | സൂപ്പർമാർക്കറ്റ് | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 11.5 | വായ്പ കുടിശ്ശിക | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി |
| 2000-01 | 29 | 2003-04 | 11.13.7.19 | നികുതി പിരിവിൽ അലംഭാവം | - |
| 2001-02 | 3-1 | 2005-06 | 2.70.1.9.11 | തൊഴിൽ രഹിത വേതനം - അപേക്ഷകൾ തീർപ്പാക്കിയില്ല | ഒഴിവാക്കാൻ ശുപാർശ |
| | | 2014-15 പ്ര.ക്ഷ.റി | 5.7.2 | ക്ഷീരവികസന മേഖല - ചെലവ് തൃപ്തികരമല്ല | |
| | | 2014-15 പ്ര.ക്ഷ.റി | 5.7.3 | പദ്ധതി നടത്തിപ്പിൽ പിന്നിൽ | |
| | | 2014-15 പ്ര.ക്ഷ.റി | 5.7.6 | മൃഗസംരക്ഷണം- കർമ്മസമിതി രൂപീകരിച്ചില്ല | |

| | | | | | |
|---|---|---|---|---|---|
| | | 2014-15 പ്ര.ക്ഷ.റി | 5.7.8 | തൊഴുത്തു നിർമ്മാണം – തുക ചെലവഴിച്ചില്ല | |
| | | 2014-15 പ്ര.ക്ഷ.റി | 5.7.12 | സംസ്ഥാന വിഹിതം ലഭ്യമാകുന്നതിൽ കാലതാമസം | |
| | | 2015-16 | 4.2.2 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് | |
| 2014-15 | 2-2 | 2016-17 | അനുബന്ധം -4 | തൊഴിൽനികുതി – അപാകതകൾ | |
| 2015-16 | 3-17 | 2016-17 | 4.2.1 | പുറമ്പോക്കുകൾ | |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി – അപാകതകൾ | |
| 2016-17 | 2-2 | 2017-18 | 1.11.5 | വസ്തുനികുതിയിൽ നഷ്ടം | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47906701 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50026587 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 108824 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2356918 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 3-1 | - | 59050 | ഡോ.ലിറ്റി മാത്യു, വെറ്ററിനറി സർജൻ |
| 3-2 | - | 49774 | ശ്രീ.അഷ്റഫ് കല്ലടയിൽ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 103125 | ശ്രീ.ബിബിൻ ജോസഫ് , സെക്രട്ടറി, |
| 1-24 | 40000 | ശ്രീമതി.റഫ്ന.ഇ.കെ, വി.ഇ.ഒ |
| 1-25 | 417400 | ശ്രീമതി.റുബീന.പി.വി, വി.ഇ.ഒ |
| 1-28 | 200000 | ശ്രീ.ബിബിൻ ജോസഫ് , സെക്രട്ടറി |
| 1-29 | 997425 | ശ്രീ.ബിബിൻ ജോസഫ്, സെക്രട്ടറി |
| 1-31 | 598968 | ശ്രീ.ബിബിൻ ജോസഫ് , സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ലിറ്റി മാത്യു, | വെറ്ററിനറി | കപ്യാരുമലയിൽ വീട്, |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | സർജൻ, തിരുവമ്പാടി | കണ്ണോത്ത്, കോടഞ്ചേരി |
| ശ്രീ.ബിബിൻ ജോസഫ് സെക്രട്ടറി തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | ഇടയപ്പുരക്കൽ വീട്, തിരുവമ്പാടി പി.ഒ, കോഴിക്കോട്, 673603 |
| ശ്രീ.അഷ്റഫ് കല്ലടയിൽ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | കല്ലടയിൽ വീട്, കക്കാട്, കോഴിക്കോട്. |
| ശ്രീമതി.റഫ്ന.ഇ.കെ, വി.ഇ.ഒ | വി.ഇ.ഒ, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | ഇ.കെ.ഹൗസ്, ലങ്ക പറമ്പ്, മീഞ്ചന്ത,നല്ലളം.പി.ഒ |
| ശ്രീമതി.റുബീന.പി.വി, വി.ഇ.ഒ | വി.ഇ.ഒ, കാരശ്ശേരി ഗ്രാമപഞ്ചായത്ത് | മണ്ണാപടിക്കൽ, മലയമ്മ പി.ഒ, കോഴിക്കോട് |
| ശ്രീ മുഹമ്മദ് സാഹിർ വി.ഇ.ഒ | വി.ഇ.ഒ, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | തറമ്മൽ വീട് ചെറുവാടി പി.ഒ, |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1988-89 1989-90 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(1)/12.4.23 | 1 | 17 |
| 1990-91 1991-92 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(2) /12.4.23 | 1 | 15 |

| | | | |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(4) /12.4.23 | 1 | 13(b) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(5) /12.4.23 | 1 | 30 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(13) /12.4.23 | 2 | 3-1,3-3 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(14) /12.4.23 | 1 | 3-1 |
| 2012-13 2013-14 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(16) /12.4.23 | 6 | 2-2, 3-5, 3-12,3-15, 3-20,3-30 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(17)/ 12.4.23 | 3 | 2-2, 3-1,3-7 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(18) /12.4.23 | 4 | 2-2, 2-4,3-12,3-17, |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(19) /12.4.23 | 7 | 2-2, 2-4(1), 2-5(1),3-11, 3-15, 3-21,3-26 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(20) /12.4.23 | 12 | 2-5,2-6,2-6(i),2-7, 3-8, 3-9, 3-10, 3-12, 3-14, 3-16, 3-17, 3-20 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(21)/ 12.4.23 | 13 | 1-6(4),1-6(10),1-15,1-20, 1-21,1-26(1),1-27,1-28, 1-29(2,3,4),1-30,1-31, 3-6,4-11 |
| 2019-20 | കെ.എസ്.എ കെ.കെ.ഡി. പി2/577/ 2022/ 29-05-2023 | 20 | 1-2-1(1,2,3,4,5)1-4-1,1-7, 1-8,1-9,1-10(1,2,3),1-11,1-12, 1-15,1-17(1,2),1-18(1,2,3),1-19, 1-21,1-22,1-23,1-24,3-1(1,2), 4-2,4-3,4-11 |
| 2020-21 | കെ.എസ്.എ കെ.കെ.ഡി. പി2/83/ 2022/ 24-07-2023 | 22 | 1-1,1-2-1,1-3,1-4,1-9,1-10,1-11, 1-13,1-14,1-15,1-17,1-19,1-21, 1-25,1-26(3,4),1-27,1-28, 3-1,3-2,3-3,4-2,4-11 |

| | | | |
|---|---|---|---|
| 2021-22 | കെ.എസ്.എ<br>കെ.കെ.ഡി.<br>പി2/104/2023/23.2.23 | 28 | ഖ.1-1 മുതൽ<br>1-26,2-1,3-1,4-1 മുതൽ 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 31 dated 14-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thiruvambady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thiruvambady Grama Panchayat for the year 2022-2023

Date: 30/10/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Thiruvambady Grama Panchayat for the Year 2022-2023.

**1.Major Observations**

The following mandatory financial statements prescribed in accounting rules are not submitted for audit i.e, ratios .

**2.Other Observations**

a.Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

b.monthly bank reconciliation statement not prepared.

c. directly debited by bank further action not taken.

d.directly credited by bank-amount not taken into account.

e. The amount deposited in e-payment account is not credited on time.

f. The opening and closing balance of distress relief fund does not match with accounts.

g.The value of closing stock is not certified in Stock register and taken into account.

h.lapses in making timely and accurate demand entries in respect of tax and non tax revenue.

i.grant liabilty amount shown as liability in balance sheet does not match with bank account opened for jalanidhi account

j.grant appropriation control register for development fund (general) does not match with afs.
k.The Tender Forum Fee (E Tender Fee) applicable to projects executed by the Asstistant Engineer is not included in balance sheet as receivable in the AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്